


# എൽ ബി എസ് എം എച്ച് എസ് എസ് അവിട്ടത്തൂർ

## ഡിജിറ്റൽ മാഗസിൻ

## 2025

# എന്റെ വിദ്യാലയം



**വിദ്യാഭ്യാസ ഭരണസംവിധാനം**

| | |
|---|---|
| റവന്യൂ ജില്ല | തൃശ്ശൂർ |
| വിദ്യാഭ്യാസ ജില്ല | ഇരിങ്ങാലക്കുട |
| ഉപജില്ല | ഇരിങ്ങാലക്കുട |

1946 ജൂണിൽ അപ്പറപ്രൈമറി സ്കൂൾ ആയി അവിട്ടത്തൂർ അപ്പർ പ്രൈമറി സ്കൂൾ എന്ന പേരിൽ ആരംഭിച്ച് 1966 ജൂണിൽ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തു. 1966 ലാൽ ബഹദൂർ ശാസ്ത്രി മരിച്ച വർഷമാണ് ഈ വിദ്യാലയത്തിന് ശാസ്ത്രിയുടെ പേര് ലഭിച്ചത്. ലാൽ ബഹദൂർ ശാസ്ത്രിയുടെ നാമധേയത്തിലുള്ള കേരളത്തിലെ ഒരേ ഒരു സ്കൂൾ ആയി ഇന്നും നിലനിൽക്കുന്നു. ശ്രീ കെ ജി നീലകണ്ഠൻ നമ്പൂതിരിയുടെ മാനേജ്മെന്റിൽ സമാരംഭിച്ച ഈ

വിദ്യാലയത്തിൽ 1955 ൽ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ കെ ജി നാരായണയ്യർ സഹാദ്ധ്യാപകരും തീറുവാങ്ങി വിദ്യാലയം നടത്തിപ്പോന്നു. 1960 ൽ ശ്രീ കെ ജി നാരായണയ്യർ റിട്ടയർ ചെയ്തപ്പോൾ അന്നത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ കെ ആർ  കൃഷ്ണൻ നമ്പൂതിരിക്ക് മാനേജ്മെന്റ് കൈമാറി. മുൻ പ്രധാനമന്ത്രി ശ്രീ ലാൽ ബഹദൂർ ശാസ്ത്രിയുടെ സ്മരണയ്ക്ക് വേണ്ടി അദ്ദേഹത്തിന്റെ നാമധേയത്തിൽ 1966 ഈ സ്ഥാപനം ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു. ഈ സ്കൂൾ രണ്ടായിരത്തിൽ ഹയർ സെക്കൻഡറിയായി ഉയർത്തപ്പെട്ടു. ശ്രീ പി കാർത്തികേയൻ മാസ്റ്ററാണ് പ്രഥമ പ്രിൻസിപ്പൽ. സയൻസ് ഹ്യൂമാനിറ്റീസ്,കോമേഴ്സ് എന്നി ബാച്ചുകൾ പ്രവർത്തിക്കുന്നു. സ്കൂൾതലത്തിൽ പ്രവർത്തിക്കുന്നത് അഞ്ച് മുതൽ പത്ത് വരെയുമാണ് .ഇപ്പോൾ പ്രിൻസിപ്പാൾ ഡോ. എ വി രാജേഷ് മാസ്റ്ററും ഹെഡ്മാസ്റ്റർ ശ്രീ മെജോ പോൾ മാസ്റ്ററും ആകുന്നു .പാഠ്യവിഷയങ്ങളിലും പാഠ്യേതര വിഷയങ്ങളിലും സബ് ജില്ലാ ജില്ലാ തലങ്ങളിലും പ്രത്യേകിച്ച് കായിക ഇനങ്ങളിൽ സംസ്ഥാന ദേശിയ അന്തർദേശീയ തലങ്ങളിലും മികച്ച പ്രകടനം കാഴ്ചവെച്ച് മുന്നേറ്റം തുടർന്നുകൊണ്ടിരിക്കുന്നു ഈ വിദ്യാലയം

# എഡിറ്റോറിയൽ

സാങ്കേതിക വിദ്യകൾ ഉയർന്നുകൊണ്ടിരിക്കുന്ന ആധുനികയുഗത്തിൽ സഞ്ചരിക്കുകയാണ് നാം ഓരോരുത്തരും. കമ്പ്യൂട്ടർ മേഖലകളെ ഇഷ്ടപ്പെട്ടും കൂടുതൽ അറിവുകൾ നേടാനും, ഈ യുഗത്തിൽ ലഭിക്കുന്ന ജോലി സാധ്യതകൾ മനസ്സിലാക്കിയും ഒരുപാട് പേർ ശാസ്ത്രസാങ്കേതിക മേഖലകളിലേക്ക് തിരിയുന്നു. വിവരശേഖരണം മേഖലകളോടും കമ്പ്യൂട്ടർ മേഖലകളോടും ഉള്ള നമ്മളുടെ താല്പര്യവും ആവശ്യകതയും ഉയർന്നുകൊണ്ടിരിക്കുന്നു.ഇത്രയും തിരക്കേറിയ യുഗത്തിൽ വിദ്യാർത്ഥികളും അതിനൊരുങ്ങുകയായി. എൽ.ബി. എസ്. എം. എച്ച് .എസ് എസ് സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികൾ "ലിറ്റിൽ കൈറ്റ്സിന്റെ" ഭാഗമായി ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു.ഈ സ്കൂളിലെ സാമൂഹ്യശാസ്ത്ര അധ്യാപികയും,ഐടി മേഖലയിൽ പ്രാവീണ്യം തെളിയിച്ച സ്വീറ്റിടീച്ചറുടെയും ഇംഗ്ലീഷ് അധ്യാപിക മെർലിൻ ടീച്ചറുടെയും ആഭിമുഖ്യത്തിലാണ് കുട്ടികൾ ഈ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയത് .കുട്ടികളുടെയും ടീച്ചർമാരുടെയും അശാന്തപരിശ്രമം മാത്രമാണ് ഈ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ കാരണമായത് ഒപ്പം ലിറ്റിൽ കൈറ്റ്സ് എന്ന സംരംഭവും കുട്ടികളിൽ വിവര സാങ്കേതിക വിദ്യയെ കുറിച്ച് കൂടുതൽ അറിവു നിറയ്ക്കാൻ സഹായിച്ചു ഒപ്പം എല്ലാ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെയും കൂട്ടായ പരിശ്രമം കൂടിയാണ്

ഈ ഡിജിറ്റൽ മാഗസിനെ ഇത്രയും മനോഹരമാക്കാൻ സഹായിച്ചത്. വിവരസാങ്കേതികവിദ്യയിൽ കഴിവുതെളിയിച്ച മിടുക്കരായ കുട്ടികളുടെ അശ്രാന്തമായ പരിശ്രമവും ഇതിന് കാരണമാണ് . ഈ ഡിജിറ്റൽ മാഗസിൻ എഡിറ്റർ അക്ഷര പി അനിൽ എന്ന വിദ്യാർത്ഥിനിയാണ്.ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളായ അരുണിമ , ആര്യ ,ശിഖ, ദേവി, അശ്വിൻ ,നിഷാൻ തുടങ്ങിയവരും അണിയറയിൽ പ്രവർത്തിച്ചിട്ടുണ്ട്.ഇങ്ങനെ ഒരു മഹനീയ നിമിഷത്തിൽ " ഈക്ഷ" എന്ന ഈ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.ശാസ്ത്ര സാങ്കേതിക വിദ്യകൾ ഉയർന്നുകൊണ്ടിരിക്കുന്നഈ യുഗത്തിൽ ഇങ്ങനെയുള്ള ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾ അഭിമാനിക്കുന്നു.ഈ ഡിജിറ്റൽ മാഗസിൻ ഒരു ഉത്തമ മാതൃകയാകും എന്നതിൽ സംശയമില്ല. ഡിജിറ്റൽ മാസികയുടെ പിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും നന്ദി പറയുന്നു.



**ചീഫ് എഡിറ്റർ**
**അക്ഷര പി അനിൽ**
**9A**

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

അക്ഷര പി അനിൽ

## കമ്മിറ്റി അംഗങ്ങൾ

അരുണിമ ടി.എസ്
ആര്യ യു
ദേവി കെ .പി
നിഷാൻ എം.എസ്
ഋതുനന്ദൻ എം.ആർ
ശിവ ശങ്കർ
ശ്രേയ എം എസ്
അശ്വിൻ കെ.എസ്
സൂര്യ ഗായത്രി എ ബി

# സമർപ്പണം

പ്രിയപ്പെട്ട കൂട്ടുകാരെ
നമ്മുടെ ഭാവനയിൽ ഉണരുന്ന ആശയങ്ങളും , സ്വപ്നങ്ങളും, നമ്മുടെ ജീവിതത്തിലെ അനുഭവങ്ങളും, കാഴ്ചകളും ആണല്ലോ പിന്നീട് കഥയായും കവിതയായും ലേഖനമായും ചിത്രങ്ങളായും താളുകളിൽ തെളിയുന്നത് .ഞങ്ങളുടെ മനസ്സിലേക്ക് എന്നോ പാറി വന്ന കാഴ്ചകളും അനുഭവങ്ങളുമാണ് ഈ മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് . പലപ്പോഴായി ഞങ്ങളുടെ കാഴ്ചയിൽ പകർത്തിയ മനോഹാരിത വിതറുന്ന കൊച്ചു കൊച്ചു കഥകളും കവിതകളും ലേഖനങ്ങളും ചിത്രങ്ങളും അടങ്ങിയ " ഈക്ഷ " എന്ന മാസിക ഞങ്ങൾ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുകയാണ് .തെറ്റുകളും കുറവുകളും ഉൾക്കൊണ്ട് ഞങ്ങളുടെ ഈ മാസികയെ അംഗീകരിക്കാൻ ബഹുമാന്യരായ അധ്യാപകർക്കും വിദ്യാർത്ഥി സുഹൃത്തുക്കൾക്കും കഴിയും എന്ന ഉത്തമ ബോധത്തോടെ ,ഈ മാസിക നിങ്ങൾക്ക് നല്ലൊരു അനുഭവമാകും എന്ന പ്രതീക്ഷയോടെ

**എഡിറ്റോറിയൽ കമ്മിറ്റി**

# സന്ദേശം



**ഹെഡ് മാസ്റ്റർ**

**മെജൊ പോൾ**

സാമൂഹിക പ്രതിബദ്ധതയാർന്ന ഊർജ്ജസ്വല ശൈലിയുമായി ഹ്രസ്വകാലത്തെ ചട്ടുല സേവനത്തിലൂടെ ജനകോടികളുടെ ആരാധ്യ പുരുഷനായി മാറിയ ബഹുമാന്യനായ ലാൽ ബഹദൂർ ശാസ്ത്രീയുടെ സ്മരണാർത്ഥം കേരളത്തിൽ സ്ഥാപിതമായ ഏക സ്കൂളാണിതെന്ന സവിശേഷത അവിട്ടത്തൂർ എൽ ബി എസ് എം എച്ച് എസ് എസി ന്റെതാണ്. വിദ്യാഭ്യാസ ചരിത്രത്തിൽ മാതൃകാപരമായ മുന്നേറ്റങ്ങളിൽ ശ്രദ്ധേയമായ വിദ്യാലയം ആണ് എൽ ബി എസ് എം എച്ച് എസ് എസ് .ജില്ലയിൽ നടക്കുന്ന വിവിധ മേളകൾ കലാസാഹിത്യം മേളകൾ സെമിനാറുകൾ സാംസ്കാരിക സന്ധ്യകൾ തുടങ്ങിയവയിൽ സ്കൂളിന്റെ നിരവധി പ്രവർത്തനങ്ങൾ നേരിട്ടറിവുള്ളതാണ്. വിദ്യാർത്ഥികളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിക്കുന്നതിനായി തയ്യാറാക്കുന്ന ഈ മാസികയ്ക്ക് എല്ലാവിധ ആശംസകളും നേരുന്നു. തുടർന്നും ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ ഈ വിദ്യാലയത്തിന് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നന്മകൾ നേരുന്നു

# ആശംസ

ഭാഷ മനുഷ്യന്റെ ഏറ്റവും വലിയ സിദ്ധിയാണ് സർഗാത്മകമായി ഭാഷയെ ഉപയോഗപ്പെടുത്തുമ്പോൾ വിവിധ ശേഷികളെ വികസിപ്പിക്കാനാവുന്നു. ഈ ഡിജിറ്റൽ യുഗത്തിന് അനുയോജ്യമായ വിധത്തിൽ ലിറ്റിൽകൈറ്റ്സിലെ അംഗങ്ങൾ ചേർന്ന് തയ്യാറാക്കുന്ന ഡിജിറ്റൽമാഗസിന് എല്ലാ ആശംസകളും നേരുന്നു. ഈ ലോകത്തെ കൂടുതൽ തെളിച്ചമുള്ളതാക്കിമാറ്റുന്നതിന് പ്രിയരേ നിങ്ങളുടെ പുതിയ സംരഭത്തിനാവട്ടെ എന്ന് ആശംസിക്കുന്നു



**സ്കൂൾ മാനേജർ**

**അജിത്ത്കുമാർ വാര്യർ**

# ആശംസ

അവിട്ടത്തൂർ ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ് അംഗങ്ങൾ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നതിൽ അതിയായ സന്തോഷവും ആശംസകളും അറിയിക്കുന്നു. ഈ ആധുനിക ലോകത്ത് നൂതന സാങ്കേതിക ഉപകരണങ്ങൾ നിർമ്മിക്കുകയും അത് സ്വന്തമാക്കുകയും ചെയ്യുതിനേക്കാൾ ബുദ്ധിമുട്ട് അത് സ്വന്തം നന്മയ്ക്കും അതുപോലെ സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിക്കും ഉപയോഗിക്കാൻ പഠിക്കുവാനാണ്. എങ്കിൽ മാത്രമേ യഥാർത്ഥത്തിൽ കണ്ടുപിടുത്തം ആവുകയുള്ളൂ. നമ്മുടെ ലിറ്റിൽകൈറ്റ്സിലെ കുട്ടികൾ വിവിധ മാർഗങ്ങളിലൂടെ കമ്പ്യൂട്ടർആനിമേഷൻ,മലയാളം ടൈപ്പിംഗ് ,മൊബൈൽ ഫോൺ ആപ്പുകൾ മുതലായവ.....സ്വായത്തമാക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. അങ്ങനെ അവർക്ക് സമൂഹത്തിൽ ഒരു ഉത്തമ പൗരനായി ജീവിക്കാൻ സാധിക്കട്ടെ എന്നും അവരുടെ എല്ലാ പ്രവർത്തനങ്ങളും വൻ വിജയമാകട്ടെ എന്നും ആത്മാർത്ഥമായി ആശംസിക്കുന്നു



എസ് ഐ ടി സി

സി ജെ ജോസ്

# ആശംസ

2024-25 അധ്യയന വർഷത്തിലെഒമ്പതാം ക്ലാസിലെ കുട്ടികൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനുവേണ്ടി അഞ്ചു മുതൽ പത്ത് വരെയുള്ള ക്ലാസിലെ കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും കഥകളും,കവിതകളും,ലേഖനങ്ങളും,യാത്രാവിവരണങ്ങളും ചിത്രങ്ങളും ശേഖരിക്കുകയുണ്ടായി ഏറെ നാളുകളായി കുട്ടികൾ ചെയ്യുന്ന ഈ പ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും  നേർന്നുകൊള്ളുന്നു ”ഔക്ഷ” എന്ന ഡിജിറ്റൽമാഗസിൻ കുട്ടികളെ നല്ലഭാവിയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻസാധിക്കട്ടെഎന്ന്ആശംസിക്കുന്നു



കൈറ്റ്മിസ്സ്ട്രസസ്സമാർ

സ്വീറ്റി ടീച്ചർ &മെർലിൻ ടീച്ചർ

# താളുകളിലൂടെ

പ്രാർത്ഥന.................................................................13
ലിറ്റിൽ കൈറ്റ്സ് .........................................................14-16
ജെ ആർ സി ................................................................17
ഗൈഡ്സ് ....................................................................18
സീഡ്......................................................................19-20
സ്കൂൾ ഉച്ചഭക്ഷണ പദ്ധതി.............................................21
മികവ്.....................................................................22
അരുവി....................................................................23
മാത്തപ്പന്റെ കിങ്ങിണി...............................................24-26
വിദ്യാലയം................................................................27
സ്വപ്നത്തിലെ മധുരം.................................................28-31
ചോദ്യചിഹ്നം.............................................................32
സത്യത്തിന്റെ മാർഗ്ഗം..................................................33-37
ക്രൂട്ടുകാരി..................................................................38
ശാസ്ത്രം എന്ന മായാലോകം.........................................39-41
സോഷ്യൽ മീഡിയ നിത്യ ജീവിതത്തിൽ.........................42-44
ഒറ്റയ്ക്കാനിഴൽ...............................................................45
നീലഗിരിയുടെ കുളിർമയിലൂടെ......................................46-49
പോകെപ്പോകെ.........................................................50-51
പ്രകൃതി ദുരന്തങ്ങൾ....................................................52-55
മാറുന്ന കാലം.............................................................56
എഴുത്തുക്രൂട്ടം വായനാ കൂട്ടം.........................................57
കായികം................................................................58-64
കലോത്സവം.............................................................65-66
ആഘോഷങ്ങളിലൂടെ.....................................................67-68
ചിത്രരചനകൾ...........................................................69- 70
ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ.............................................71
നന്ദി..........................................................................72



# പ്രാർത്ഥന

നയനേ ദർശന പുണ്യ മഹോതവ
സുനയെ സുന്ദര ഗാത്രം
നയനദ്വയമതു നൽകയാൽ വിശ്വം
അതിരമണീയമ തുല്യം
സുരുചിര വാണിം കർണ്ണമിതിൽ മമ
പരന്നടെ പൊരുളന്നദിനവും കേട്ടാൽ
പരിപാവനമീ കർണ്ണം
മനസ്സാൽ മനനം എളുതല്ലായിതേ
മനമോഹനമീയുലകം
മനസ്സാം രഥമതു വിവരവൊടു നീയേ
ഗതിപാലനമന്നഭാവം
മന്നജന്ന ദയയോടു മൊഴിയേകിയ നിൻ
മഹിമയെ വാഴ്ത്തു വനചലം
മദമതു ചേരരുതെന്നുടെ മതിയിൽ
മരണം കനിയും വരെയും

# ലിറ്റിൽകൈററ്സ്

2024-25 അധ്യയന വർഷത്തിൽ ഏട്ട് ഒൻപത് പത്ത് ക്ലാസ്സികളിലായി ഏഴുപ്പത്തിമൂന്ന് കുട്ടികളാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായി പരിശീലനം നേടി വരുന്നത്.എട്ടാം ക്ലാസിലെ കുട്ടികൾക്ക് പ്രിലിമിനറി ക്യാമ്പ് നടത്തി. ഗ്രാഫിക് ഡിസൈനിംഗ്, അനിമേഷൻ, മലയാളം കംപ്യൂട്ടിങ്ങ്, മീഡിയ ആൻഡ് ഡോക്യുമെന്റേഷൻ, ബ്ലോക്ക് പ്രോഗ്രാമിങ് എന്നീ മേഖലകളിൽ എട്ടാം ക്ലാസിലെ കുട്ടികൾക്ക് പരിശീലനം നൽകിവരുന്നു ഒക്ടോബർ മാസത്തിൽ ഒമ്പതാം ക്ലാസിലെ കുട്ടികൾക്ക് സ്കൂൾ ക്യാമ്പ് നടത്തി. ആനിമേഷൻ, മൊബൈൽ ആപ്പ് നിർമ്മാണം, ആർട്ടിഫിഷൽ ഇൻ്റലിജൻസ്,റോബോട്ടിക്സ് ഡെസ്ക്ടോപ്പ് പബ്ലിഷിംഗ് എന്നീ മേഖലകളിൽ ഒമ്പതാം ക്ലാസിലെ

കുട്ടികൾക്ക് പരിശീലനം നൽകി വരുന്നു ഒമ്പതാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ ഡിജിറ്റൽ മാഗസിൻ ജനവരി മാസത്തിൽ തയ്യാറായിക്കൊണ്ടിരിക്കുന്നു പത്താം ക്ലാസിലെ കുട്ടികൾ അവരുടെ ഗ്രൂപ്പ് അസൈൻമെന്റ് ഇൻഡിവിജ്വൽ അസൈൻമെന്റ് എന്നിവ പൂർത്തിയാക്കി.ഗ്രൂപ്പ് അസൈൻമെന്റിന്റെ ഭാഗമായി ലഹരി വിരുദ്ധ സന്ദേശം നൽകി കൊണ്ട് ഒരു ഹ്രസ്വചിത്രം തയ്യാറായി. ഏഴിലെ കുട്ടികൾക്ക് സൈബർ ബോധവത്ക്കരണ ക്ലാസ് നടത്തി



# സൈബർ ബോധവത്ക്കരണ ക്ലാസ്





പ്രിലിമിനറി ക്യാമ്പ്

# ജെ ആർ സി

ജൂനിയർ റെഡ് ക്രോസ് വളരെ കാര്യക്ഷമമായി സ്കൂളിൽ പ്രവർത്തിച്ചു വരുന്നുണ്ട്.2024-25 അദ്ധ്യയന വർഷം 85 കുട്ടികൾ ജെ ആർ സിയിൽ പ്രവർത്തിക്കുന്നു.എല്ലാ വ്യാഴാഴ്ചകളിലും ഉച്ചയ്ക്ക് ജെ ആർ സി യൂണിഫോം ധരിച്ച് കാന്റഡ്സ് സ്കൂൾ ഹാളിൽ ഒത്തുകൂടുകയും ജെ ആർ സി ക്ലാസ് നടത്തി വരുകയും ചെയ്യുന്നു.ഈ വർഷം ജൂൺ 21ന് അന്തർദേശീയ യോഗ ദിനത്തോടനുബന്ധിച്ച് യോഗാദിനം സംഘടിപ്പിക്കുകയും സ്കൂളിലെ മുഴുവൻ കുട്ടികൾ അതിൽ പങ്കാളികളാവുകയും ചെയ്തു.ഒക്ടോബർ 2ന് ഗാന്ധിജിയുടെയും ലാൽബഹാദൂർ ശാസ്ത്രിയുടെയും ജന്മദിനത്തോടനുബന്ധിച്ച് അവരുടെ സ്മൃതി മണ്ഡപത്തിൽ ജെ ആർ സി കാൻഡഡ് പുഷ്പാർച്ചന നടത്തി.

ഇരിഞ്ഞാലക്കുട പൊറുത്തുശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന അഭയ ഭവൻ എച്ച് എസ് വിഭാഗത്തിലെ ജെ ആർ സി കാൻഡഡ് സന്ദർശിക്കുകയും സാമ്പത്തിക സഹായവും സാധനസാമഗ്രികളും നൽകുകയും ചെയ്തു. സ്കൂളിൽ ജെ ആർ സി കാന്റഡ്സിന്റെ നേതൃത്വത്തിൽ നിർമിച്ച് പരിപാലിച്ചു പോരുന്നു. സ്കൂളിലെ എല്ലാ പ്രവർത്തനത്തിലും ജെ ആർ സി ആത്മാർത്ഥമായി സഹകരിച്ച് പ്രവർത്തിക്കുന്നു



# ഗൈഡ്സ്

ഗൈഡ്സിന്റെ ആഭിമുഖ്യത്തിൽ യോഗ ക്ലാസ്സ് സംഘടിപ്പിച്ച് യോഗദിനം ആചരിച്ചു ഹിരോഷിമ ദിനം, സ്വാതന്ത്ര്യദിനാഘോഷം സംഘടിപ്പിച്ചു.ഗുരുവന്ദനം അധ്യാപ കർക്കും അനധ്യ ാപകർക്കും പേന നൽകി ആചരിച്ചു.മൂന്ന് കുട്ടികൾ ദ്വിദീയസോപാൻ പരീക്ഷ യിൽ പങ്കെടുത്ത് വിജയി ച്ചു.27 .9. 2024 ഫൗണ്ടേ ഷൻ ദിനം ക്വിസ് മത്സരം ഗൈഡ്സ് യുണിട്ടിൽ നടത്തി. യുണിറ്റ് ക്യാമ്പ് നവംബ ർ 9 മുതൽ 11 വരെ നടത്തി. ഗൈഡ്സിൻ്റെ നേതൃത്വത്തിൽ ഉള്ള ഓവർ നൈറ്റ് ഹൈക്ക് ഡിസംബർ 30, 31 തീയതികളിൽ നടത്തി.മുരിയാട് കശുവണ്ടി ഫാക്ടറിയിൽ നിന്നു പുറപ്പെട്ട് സ്ക്കുളിൽ അവസാനിക്കുന്ന രീതിയിൽ നടത്തി. പത്തിലെ മൂന്ന് കുട്ടികളെ രാജ്യ പുരസ്ക്കാർ പരീക്ഷയ്ക്ക് തയ്യാറാക്കി



# സീഡ്

വിദ്യാർഥികളിൽ പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനായി മാതൃഭൂമി നടപ്പാക്കുന്നപദ്ധതിയാണ് സീഡ് (Students Empowerment for Environmental Development) അവിട്ടത്തൂർ ബി എസ് എം എച്ച് എസ് എസ് സ്കൂളിലെ നിരവധി വിദ്യാർത്ഥികൾ സജീവമായി പ്രവർത്തിക്കുന്നു.



2009 മുതൽ സീഡിന്റെ അഭിമുഖ്യത്തിൽ നിരവധി പ്രവർത്തനങ്ങൾ  സ്കൂളിൽ നടന്നുവരുന്നു. "സമൂഹനന്മ കുട്ടികളിലൂടെ" എന്ന ആശയം കുട്ടികളിലേക്ക് എത്തിക്കുകയാണ് സീഡിന്റെ പ്രധാന ലക്ഷ്യം. സീഡ് പ്രവർത്തനങ്ങളിലൂടെ സീഡ് അംഗങ്ങളായ വിദ്യാർത്ഥികൾക്ക് പ്രകൃതിയെ അറിയുവാനും സംരക്ഷിക്കുവാനും അറിവ് ലഭിച്ചു.  സീഡ് പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിലെ മറ്റു കുട്ടികൾക്കും

ഭൂമിയെ മനസ്സിലാക്കാൻ കഴിഞ്ഞു. കാർഷികം, ജല-ഊർജ, ജൈവവൈവിദ്യസംരക്ഷണം, ശുചിത്വം,ആരോഗ്യം, തനിച്ചല്ല, ലഹരിവിരുദ്ധപ്രവർത്തനം, മഴയെയറിയാം, നാടിന്റെ പൈതൃകം, എന്നിങ്ങനെ നിരവധി മേഘലകളിൽ സീഡിന്റെ പ്രവർത്തനങ്ങൾ ജീവമായ തുടരുന്നു. പ്രകൃതിസംരക്ഷണ പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തിന്റെ ഹരിത ഭംഗി ഉയർന്ന് വരുന്നു. സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കാൻ വിദ്യാലയത്തിന്റെ പലയിടത്തും സീഡ് അംഗങ്ങൾ പ്ലാസ്റ്റിക് ശേഖരണ കുട്ടകൾ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാലയത്തിൽ ലഹരി എന്ന മഹാവിപത്തിനെതിരെയുള്ള പ്രവർത്തനങ്ങൾ സജീവമായി നടത്തിവരുന്നു





# സ്കൂൾഉച്ചഭക്ഷണ പദ്ധതി

അധ്യയനവർഷാരഭത്തിൽ തന്നെ ഉച്ചഭക്ഷണപദ്ധതി പ്രകാരം കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുത്തു തുടങ്ങി.പോഷകാഹാരങ്ങളടങ്ങിയ വിഭവസമൃദ്ധമായ ആഹാരം എല്ലാദിവസവും നൽകി വരുന്നു.തിഥി ഭോജൻ പദ്ധതി നടപ്പിലാക്കി വരുന്നു.പച്ചക്കറിതോട്ടത്തിൽ നിന്നുള്ള പച്ചക്കറികൾ ഉച്ചഭക്ഷത്തിലേക്കായി ഉപയോഗിച്ചുവരുന്നു.



# മികവ്

## എൽ ബി എസ് എം അവിട്ടത്തൂരിന്റെ മിന്നും നക്ഷത്രങ്ങൾ

അവിട്ടത്തൂർ ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കൻഡറി സ്കൂളിലെ 2023-2024 വർഷത്തിലെ എസ് എസ് എൽ സി പരീക്ഷയിൽ പതിനെട്ട് വിദ്യാർത്ഥികൾക്കാണ് ഫുൾ A+ ലഭിച്ചത്. അധ്യാപകരുടെ പ്രവർത്തന മികവും വിദ്യാർത്ഥികളുടെ കഠിന പ്രയത്നവും രക്ഷിതാക്കളുടെ പൂർണ്ണ പിന്തുണയും ആണ് വിജയശതമാനം വർദ്ധിപ്പിക്കാൻ സാധിച്ചത്





# അരുവി

നീളെ നീളെ പോകുമൊരു അരുവിയായി പൂക്കും ചന്ദനമരത്തിൻ കൊമ്പിൽ ഒരു കിളി പാടും മധുരസുന്ദര ഗാനം ഇലകൾ പൊഴിയും ഒടുവിൽ അവ താഴെ വീണിതാ മണ്ണിൽ അതിൽ ഒരു കുഞ്ഞു ജീവൻ ഒരുറുമ്പായി വന്നു കേറി യാത്ര ചെയ്യുന്ന നേരം നോക്കാപുറത്തിൽ കാറ്റു



വീശുന്ന നേരം ഇലകളുടെ ശബ്ദങ്ങൾ ആർത്തുയിരുന്നു നേരം കാടാകെ ഒന്നു നടുങ്ങി മുഴങ്ങി സൂര്യാസ്തമയം കഴിഞ്ഞ് നേരം ഇത്രയായി എപ്പോഴും നിലയ്ക്കാത്ത കാറ്റിന്റെ ചലനങ്ങൾ അരുവിയിൽ എപ്പോഴും ഓളമായി ഗാനം ജലത്തിന്റെ ഉറവയായി നീരൊഴുക്കായി അരുവി സർവ്വ ജീവജാലങ്ങളെല്ലാം ആർത്തുല്ലസിക്കുന്ന നേരം ജലമായി ജീവനായി ഒഴുകുന്നു നീളെ...........



**കൃഷ്ണപ്രിയ കെ എച്ച്**
8A

# മാത്തപ്പന്റെ കിങ്ങിണി

കഥ

ഒറവൻകാട് തുരുത്തിലെ പുൽമേട്ടിലാണ് പതിവായി മാത്തപ്പൻ തന്റെ കിങ്ങിണി ആടിനെ കൊണ്ടുപോയി തീറ്റിക്കാൻ കെട്ടാറുള്ളത് വീട്ടുവളപ്പിലെ തൊഴുത്തിൽ മൂന്നാലു പശുക്കൾ വേറെയുണ്ടെങ്കിലും മാത്തപ്പന് സ്നേഹം കൂടുതൽ കിങ്ങിണിയോടാണ്. അന്ന് കിങ്ങിണിയെ കെട്ടഴിച്ച് വരുമ്പോൾ മാത്തപ്പന്റെ കയ്യിൽ ഒരു ചെറിയകൂടയുണ്ടായിരുന്നു "ഇതെന്താ കൂടേല്?മാത്തപ്പന്റെ കൊച്ചുമോൾ നീനു കൂടയിലേക്ക് നോക്കിക്കൊണ്ട് ചോദിച്ചു "നല്ല കരിമീൻ കിട്ടി"മാത്തപ്പൻ പറഞ്ഞു. കൂടയ്ക്കകത്ത് ഒരുമിച്ച് കൂട്ടിയിട്ടിരിക്കുന്ന മീനുകൾ അന്ത്യശ്വാസത്തിലെ ആകുലതകൾക്കിടയിലും അന്യോന്യം നോക്കുന്നത് പോലെ മാത്തപ്പന്റെ മനസ്സിൽ തോന്നി കിങ്ങിണി കൂടയ്ക്കകത്തേക്ക് തലയിട്ട് മണത്തു നോക്കുന്നത് കണ്ടപ്പോൾ മാത്തപ്പന്റെ തോളത്തെ തോർത്തെടുത്താട്ടി പിന്നാമ്പുറത്തെ ആര്യവേപ്പിന്റെ ചുവട്ടിൽ മാത്തപ്പൻ കിങ്ങിണിയെ കെട്ടിയിട്ടു. ഇത്തിരി വെള്ളം കൊടുക്കാൻ മകൾ ലിസികുട്ടിയോട് പറഞ്ഞിട്ട് ചവിട്ടുപടിയിൽ ഇരുന്നു. അപ്പോ ദേ അപ്പനെ തിരക്കി ലോട്ടറിക്കാരൻ കുഞ്ഞാപ്പു വന്നു നിൽക്കുന്നു ലിസി കുട്ടി പറഞ്ഞു മാത്തപ്പൻ കാര്യം ചെന്ന് അന്വേഷിച്ചപ്പോൾ കുഞ്ഞാപ്പു പറഞ്ഞു "ഇന്നത്തെ ലോട്ടറി ടിക്കറ്റില് ഒന്നാം സമ്മാനം 75 ലക്ഷം വീണത് മാത്തപ്പേട്ടന്റെ ലോട്ടറിക്കാണ്......കേട്ടപാടെ മാത്തപ്പന്റെ കണ്ണുതള്ളി തൊണ്ട വരണ്ട മാത്തപ്പൻ പകപ്പുമാറ്റാൻ 5 മിനിറ്റ് ഇരുന്നു പോക്കറ്റിൽ ലോട്ടറി ടിക്കറ്റ് കിട്ടിയില്ല പെട്ടെന്നാണ് മാത്തപ്പന് ജൂബയുരി പിന്നാമ്പുറത്തെ ആര്യവേപ്പിൻ ചുവട്ടിലെ അഴയിലിട്ടത് ഓർമ്മ വന്നത് അങ്ങോട്ട് സന്തോഷത്തോടെ ചെന്ന് മാത്തപ്പൻ കണ്ടത് ജൂബയിൽ സർക്കസ് കാണിച്ച് കീശയ്ക്കുള്ളിൽ ടിക്കറ്റ് ചവച്ച് തിന്നുന്ന കിങ്ങിണിയാണ്

75 ലക്ഷം ആടു വിഴുങ്ങിയ കാഴ്ച കണ്ട് മാത്തപ്പൻ പിന്നോക്കം

മറിഞ്ഞുവീണ അന്ന് രാത്രി മാത്തപ്പൻ കിങ്ങിണിക്ക് പച്ചവെള്ളം

കൊടുത്തില്ല മാത്രമല്ല കുറെ തല്ലുകയും ചെയ്തു അതുവരെ ആ മിണ്ടാപ്രാണിയോട് ഉണ്ടായിരുന്ന കരുണയും സ്നേഹവും ആരൊറ്റ ദിവസം കൊണ്ട് മാഞ്ഞുമറിഞ്ഞു

കിങ്ങിണിയെ എല്ലാ ദിവസവും പുൽമേട്ടിലേക്ക് കൊണ്ടുപോകുമ്പോൾ കശാപ്പുശാലയിലെ കോയക്ക് അവളെ വിൽക്കാൻ തീരുമാനിച്ച പിറ്റേന്ന് വലിയ പെരുന്നാൾ ആയിരുന്നു കോയയ്ക്ക് കിങ്ങിണിയെ വിറ്റിട്ട് പ്രതിഫലവും വാങ്ങി മാത്തപ്പൻ ഒന്ന് തിരിഞ്ഞു പോലും നോക്കാതെ ക്രൂരനെ പോലെ അവിടെ നിന്നും പോയി കവലയിലൂടെ പോകുമ്പോൾ കൂട്ടുകാർ പറഞ്ഞ കിങ്ങിണിയുടെ ഇറച്ചിയുടെ സ്വാദിന്റെ കഥ കേട്ടിട്ടും മാത്തപ്പന്റെ മനസ്സിലാക്കിയില്ല

രണ്ടു ദിവസം കഴിഞ്ഞ് മാത്തപ്പൻ തന്റെ  അലക്കാൻ ഇട്ട ട്രൗസറിൽ നിന്നും ഒരു ലോട്ടറി കിട്ടി......

തനിക്ക് അബദ്ധം പറ്റിയല്ലോ കർത്താവേ എന്നു പറഞ്ഞിട്ട് മാത്തപ്പൻ തലയ്ക്ക് കൈയും കൊടുത്തിരുന്നു കിങ്ങിണി തിന്നത് തന്റെ പഴയ ലോട്ടറി ആയിരുന്നല്ലോ എന്ന് ബോധ്യവും വന്നു



കുറ്റബോധം കൊണ്ട് മനസ്സ് നീറിയിട്ട് അയാൾക്ക് ഒരു പോള കണ്ണടയ്ക്കാൻ കഴിഞ്ഞില്ല കരിഞ്ഞു കലങ്ങിയ മുഖവുമായി മാത്തപ്പൻ കോയയെ ചെന്നു കണ്ടു

"എന്ത് ചെയ്യാനാ മാത്തപ്പാ " കാശിനു വേണ്ടി അനക്ക് ആ മിണ്ടാപ്രാണിയെ അറുക്കാൻ കൊണ്ടുതരാനുള്ള മനസ്സ് വന്നല്ലോ അതിനെ വിറ്റ കാശിന് പോർക്കിറച്ചി വാങ്ങി തിന്ന

വിഷമം തീർത്തില്ലേ നീ.......മാത്തപ്പൻ തലകുനിച്ചു നിന്നു
"കാശിനെക്കാൾ വലുതായിട്ട് ഈ ഭൂമിയിൽ ഒന്നുമില്ലേ
".......മാത്തപ്പാ "കളിയാക്കി കൊണ്ട് കോയ ചോദിച്ചു.
മാത്തപ്പൻ ഒന്നുംമിണ്ടിയില്ല പിടയുന്ന മനസ്സോടെ അവിടെ
നിന്ന് തിരികെ പോയി."ഉം എന്താണ് കിങ്ങിണിയെ
അനക്കൊരു ഞരക്കം' "അന്റെ മാത്തപ്പന്റെ ഒച്ച കേട്ടോ?
ആരും കാണാതെ കൂട്ടിൽ ഒളിപ്പിച്ച കിങ്ങിണിയെ മാത്തപ്പൻ
പോയപ്പോൾ കോയ വന്നു തലോടി "കശാപ്പുകാരനായ

എനിക്കുണ്ടായ കരുണ പോലും നിന്നെ വളർത്തി വലുതാക്കി
അന്ന പുന്നാരത്തോടെ നോക്കിയ നിന്റെ മാത്തപ്പൻ
ഉണ്ടായില്ലല്ലോടി " ......കോയ പറഞ്ഞു എന്തൊക്കെയോ
മനസ്സിലായ അർത്ഥത്തിൽ കിങ്ങിണി ചെവിയാട്ടി കോയ
കുടഞ്ഞിട്ടപ്ലാവില കടിച്ചു ചവച്ചരച്ചു കൊണ്ടിരുന്നു .......



ദേവ പ്രിയ ടി.ജെ
8A

# വിദ്യാലയം

കവിത

അവിട്ടത്തൂരിൽ ഹൃദയത്തിൽ
പടിപടിയായുയർന്ന വിദ്യാലയം
നന്മനിറഞ്ഞ ശ്രീകോവിലാണെന്നും
എൽ.ബി.എസ്.എം ..... വിദ്യാലയം
നാടിൻ അഭിമാനം വാനോളമുയർത്തും
വിളനിലമാണെന്നുമീ വിദ്യാലയം
പേരുകേട്ട ഗുരുഭൂതരാലെന്നും
സമ്പന്നമാണീ കർമ്മഭൂമി
ആയിരം കുരുന്നുകൾക്കു വഴികാട്ടി,
അറിവിൻ നിറവായ് തീരുന്നു
തരുനിരകളാൽ അലംകൃതമാം
സ്നേഹത്തണലിൽ കഴിലായ്
താളമേളമോടെ കേളികൊട്ടും
ഹൃദയങ്ങളിൽ വിളങ്ങും കലാലയം
ചങ്ങാതിക്കൂട്ടങ്ങൾക്കൊത്തിരി
കളി ചിരി ഓർമകൾ നെയ്യും
ആത്മാവിൻ ആഹ്ളാദപൊൻ തിരി
കൊളുത്തുമീ പ്രിയ വിദ്യാലയം
എഴുപത്തേഴിൻ നിറവിൽ
മേളപ്രമാണികൾ, കലാ താരങ്ങൾ
ഉദ്യോഗത്തിൻ ഉന്നതരെല്ലാം
തരളിതമാക്കുന്നീ മണ്ണിനെ
ലാൽ ബഹാദൂറിൻ നാമത്തിലോർ –
ക്കുമൊന്നുമാത്രമാണീ വിദ്യാലയം !
അവിട്ടത്തൂരിൽ സുന്ദര സുരഭില
സ്വപ്നക്കൂടാണെന്നമീ വിദ്യാലയം



ലത.പി മേനോൻ
അധ്യാപിക

# സ്വപ്നത്തിലെ മധുരം

കഥ

പഴയകാല ഓർമ്മകൾ പങ്കുവെക്കുന്ന ഒരു മനോഹരമായ കത്ത് വായിച്ചുകൊണ്ടിരിക്കുമ്പോഴാണ് അവൾ ഒരു കാര്യം ഓർത്തത് നാളെ തിങ്കളാഴ്ചയല്ലേ സ്കൂളിലേക്ക് പോകേണ്ടേ പഠിക്കാൻ പറഞ്ഞിരുന്ന സാമൂഹ്യശാസ്ത്രം ആദ്യത്തെ പാഠം അവൾ മറച്ചു പോലും നോക്കിയിട്ടില്ല നാളെ ചോദ്യം ചോദിച്ചാൽ അവൾ എന്ത് എഴുതും ഉത്തരക്കടലാസ് ശൂന്യമായ ആകാശം പോലെ തെളിഞ്ഞു നിൽക്കും അവൾ സാമൂഹ്യശാസ്ത്രം പാഠപുസ്തകത്തിന്റെ താളുകളിലൂടെ കണ്ണോടിച്ചു കൊണ്ടിരിക്കുകയായിരുന്നു പെട്ടെന്ന് അവൾ ഒരു മാത്രം നിന്നു പോയി അവൾ ഒരു ചിന്തയിൽ ആണ് ഇത്രയും വലിയ ഒരു ഭൂമിയിലെ എത്രയും വലുപ്പമുള്ള ഇന്ത്യയെ എത്ര മനോഹരവും സുന്ദരവും കൃത്യവുമായി രേഖപ്പെടുത്തിയിരിക്കുന്നു എങ്ങനെ ഇത് സാധിക്കുന്നു! അങ്ങനെ ചിന്തയിൽ മുഴുകിയിരിക്കുമ്പോൾ മുഴുവൻ ഭൂമിയും ഭൂപടവും മനസ്സിലേക്ക് വന്നു പെട്ടെന്ന് അമ്മ വിളിച്ചു അമ്മ...മനസ്സ് ചിന്തയിൽ നിന്ന്  ഒരു ഇടവേള എടുത്തു അമ്മ അപ്പുറത്തെ വീട്ടിൽ നിന്നും മധുര പലഹാരം കൊണ്ടുവന്നിരിക്കുന്നു. എത്ര മധുരമാണ് പലഹാരങ്ങൾ

അവ കഴിച്ചു തീർത്തപ്പോൾ മധുരത്തിന്റെ ആധിക്യം കൊണ്ട് അവൾക്ക് ഉറക്കം വന്നു വീടിന് അടുത്തെ പത്രോസ് ചേട്ടന്റെ കടയിൽ നിന്ന് പഞ്ചസാര വാങ്ങുവാൻ പോയ അവൾ തിരികെ വന്നപ്പോൾ അതാ മാമനും അമ്മായിയും കുഞ്ചുവും താത്തുവും വന്നിരിക്കുന്നു കയ്യിൽ നിറയെ മധുരപലഹാരങ്ങൾ അവൾ അവരെ സ്വീകരിച്ച വീട്ടിലിരുത്തി വീട്ടിലേക്ക് ഒരിക്കൽ പോലും അവർ വരുമെന്ന് ഒരിക്കലും വിചാരിച്ചിട്ടില്ല അവർ അമ്മുവിൻറെ



അമ്മയുടെ വീട്ടിലെ ചില കുശല പ്രശ്നങ്ങൾ കാരണം അവരുമായി ഒരു കൂട്ടം അവൾക്കുണ്ടായിരുന്നില്ല മാമനെ കണ്ടിട്ട് ഒരുപാട് നാളായിരുന്നു കുഞ്ഞുവും താത്തവും കുഞ്ഞുവാവകൾ ആയിരുന്നപ്പോൾ കണ്ടതാണ് പിന്നീട് കണ്ടിട്ടില്ല അമ്മു അമ്മു അവൾ നിദ്രയിൽ നിന്നും എഴുന്നേറ്റു എന്താ അമ്മേ നീ ഉറങ്ങുകയാണോ പഠിക്കാൻ പറഞ്ഞിട്ട് എനിക്ക് ഉറക്കം വരുന്നു അമ്മേ എന്ന് പറഞ്ഞ് അവൾ വീണ്ടും കിടന്നു അപ്പുവും താമരയും കിച്ചുവും തത്തയുടെയും ഒപ്പം ഒരു കാട് അവർ അവിടെ കണ്ടു അവിടെ നാല്

പേരെ മാത്രമേ അവർ കണ്ടുള്ളൂ വളരെ നിശബ്ദമായിരുന്നു
ആ സ്ഥലം വീട്ടിലെ ആരവങ്ങൾ ഒന്നും തന്നെ അവിടെയില്ല
അവർ നാലുപേരുടെയും ഉടലാകെ വിറച്ചു ഞങ്ങൾ
പതുക്കെ നീങ്ങി കുറച്ചു നീങ്ങിയപ്പോൾ അതാ അവിടെ
കുന്നിന്റെ ചെരുവിൽ ഒരു വീട് അവർ ആ വീടിന്റെ
ഉള്ളിലേക്ക് നീങ്ങി അപ്പോൾ ഭയന്ന് വിറച്ച് ഇടറിയ
ശബ്ദത്തിൽ പറഞ്ഞു നിങ്ങൾ പൊയ്ക്കോളൂ ഒന്നാമത്
അത് ഒരു ഘോരവനം പ്രേതാലയം ആണെങ്കിൽ
പെട്ടുപോയി ഞാനില്ല നിങ്ങൾ പൊയ്ക്കോളൂ ഇല്ല അപ്പു
നീ ഇല്ലാതെ പറ്റില്ല നിന്നെ ഇവിടെ ഒറ്റയ്ക്ക് നിർത്താൻ
പറ്റില്ല പേടിച്ചു വിറച്ച് അപ്പു അവരുടെ കൂടെ നടന്നു ആ
വീട്ടിലെ കതകിൽ മുട്ടിയപ്പോൾ അതാ വീണ്ടും ഒരുപാട്
ഞെട്ടൽ കടന്നെത്തി. വാതിൽ അടഞ്ഞു ഒരു മാലാഖ
അവർക്ക് മുന്നിൽ പ്രത്യക്ഷപ്പെട്ടു.അവർ
ആശയക്കുഴപ്പത്തിലായി അവർ സന്തോഷിച്ചു മാലാഖ
പറഞ്ഞു നിങ്ങളെ ഞാൻ ഒരിടം വരെ കൊണ്ടു പോകാം
അവർ ഒന്നും നോക്കാതെ ഭയത്തെ ഉപേക്ഷിച്ച് നടന്നു
അതാ നിറയെ മിന്നാമിനുങ്ങുകൾ നിറഞ്ഞ ഒരു മരം
അവർ അതിന്റെ അടുത്തേക്ക് പാഞ്ഞു മിന്നാമിന്നിയെ
പിടിക്കാൻ അവർ ഓടി ഓടി കുറെ മിന്നാമിന്നികളെ
പിടിച്ചു അപ്പോൾ മാലാഖ പറഞ്ഞു അതാണ് അമ്മ മരം

കണ്ടോ അവർ അതിനെടുത്ത് ഒരു ചെറിയ ദ്വാരം കണ്ടു അവർ അതിനുള്ളിലേക്ക് കടന്നു അവിടെ നിറയെ മധുരപലഹാരങ്ങൾ കളിച്ചു രസിക്കാൻ പലതരം വസ്തുക്കൾ എത്ര മധുരം ഇവിടെ എത്ര സുന്ദരം അവിടെ അടുത്ത് ഒരു കുഴി അവർ കണ്ടു അവർ അതിലേക്ക് ചാടി ദാ കിടക്കുന്നു അവർ പറഞ്ഞു എവിടെ മാലാഖ അമ്മുവിന് മനസ്സിലായി അവൾ പറഞ്ഞു അയ്യോ അത് സ്വപ്നമായിരുന്നു അവൾ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു എത്ര നല്ല മധുരമായ സ്വപ്നം ഈ സ്വപ്നത്തിന് മധുരം അല്പം ക്രൂടുതൽ ആണെല്ലോ മധുരം കഴിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് കഴിക്കുക



**അക്ഷര.പി.അനിൽ**

**9A**

# ചോദ്യചിഹ്നം

ചെറുകഥ

അവൻ ക്ലാസുകൾ തോറും കയറിയിറങ്ങി തന്റെ കുട അന്വേഷിച്ചു നിരാശ കലർന്ന മുഖത്തോടെ അവൻ പുറത്തേക്കു നടന്നു അകലെ ഒരു മരക്കൊമ്പിൽ തന്റെ കുട തൂങ്ങിക്കിടക്കുന്നത് കണ്ട അവൻ അങ്ങോട്ട് ഓടി .മരത്തിൽ വലിഞ്ഞു കയറി അവൻ ആ കുടയിൽ പിടിച്ചു പെട്ടെന്ന് ഒരു വലിയ കാറ്റ് വീശി ആ കാറ്റിനൊപ്പം അവൻ ആകാശത്തേക്ക്



ഉയർന്നുപൊങ്ങി അവൻ കുടയിൽ മുറുകെ പിടിച്ചു മനോഹരമായ കാഴ്ചകൾ കണ്ടു അവൻ കുറെ നേരം സഞ്ചരിച്ചു. കിളികൾക്ക് ഒപ്പം പറക്കുന്ന തന്റെ സ്വപ്നം സാക്ഷാത്കരിച്ചത് പോലെ അവനു തോന്നി ഒരുപാട് സഞ്ചരിച്ചപ്പോൾ അവന്റെകൈകൾ വേദനിക്കാൻ തുടങ്ങി. എങ്കിലും അവൻ കുടയിൽ മുറുകെ പിടിച്ചു അവൻ താഴേക്ക് കാറ്റിനോടൊപ്പം നിലം പതിച്ചു ഞെട്ടിയുണർന്ന അവൻ എഴുന്നേറ്റ് ഉമ്മറത്തേക്ക് ഓടി ചുമരിലെ ആണിയിൽ തന്റെ പുള്ളികുട തൂങ്ങി കിടക്കുന്നു



**കൃഷ്ണപ്രിയ കെ എച്ച്**

**8A**

# സത്യത്തിന്റെ മാർഗ്ഗം

കഥ

നല്ല കാറ്റും മഴയുമുള്ള ഒരു ദിവസം അവിടെ ദരിദ്രരായ ഒരു സ്ത്രീയും മക്കളും താമസിച്ചിരുന്നു. അവരുടെ കയ്യിൽ തീരെ പണമുണ്ടായിരുന്നില്ല. അവർ ഓല മേഞ്ഞ ഒരു കുടിലിലാണ് താമസിച്ചിരുന്നത്. അവരുടെ വീട്ടിനുള്ളിലേക്ക് നല്ല കാറ്റും മഴയും എല്ലാം കയറുമായിരുന്നു. എങ്കിലും അവർ അതെല്ലാം സഹിച്ച് ജീവിക്കുന്നു. അവരുടെ അമ്മ മറ്റുള്ളവരുടെ വീട്ടിൽ പോയി പണിയെടുത്തിട്ടാണ് കഴിഞ്ഞിരുന്നത്. രണ്ടു മക്കളാണ് ആ സ്ത്രീക്ക് ഉള്ളത്. രണ്ടുപേർക്കും മൂന്നുനേരം പോലും ഭക്ഷണം കൊടുക്കുവാൻ ചിലപ്പോൾ അവരുടെ കയ്യിൽ പണമുണ്ടാവില്ല. ഒരു ദിവസം രാത്രി മക്കൾ വിശക്കുന്നു എന്ന് പറഞ്ഞപ്പോൾ ആ അമ്മ ഒരു പാത്രം അടുപ്പത്ത് വെച്ച് വെള്ളം ഒഴിച്ച് ഇളക്കാൻ തുടങ്ങി. കുറേനേരം മക്കൾ ഭക്ഷണമാണെന്ന് കരുതി ആ പാത്രത്തിലെ വെള്ളത്തിലേക്ക് ഉറ്റുനോക്കി കൊണ്ടിരുന്നു. ഒടുവിൽ അവർ ഉറങ്ങിപ്പോയി. അങ്ങനെ വളരെ ഏറെ ദരിദ്രപൂർണ്ണമായ ജീവിതം ആയിരുന്നു അവരുടേത്. ഒരു ദിവസം ആ അമ്മയുടെ മക്കളിൽ ഒരുവളായ ജൂലിയ എന്ന കുട്ടിക്ക് റോഡരികിൽ നിന്നും ഒരു പേഴ്സ് കിട്ടി .അതിൽ പണം ഇരിക്കുന്നത് കണ്ട് അവൾക്ക് വേണമെങ്കിൽ ആ പണം എടുക്കാമായിരുന്നു. പക്ഷേ അവൾ അത് എടുത്തില്ല. അവളുടെ അമ്മ അവളെ നല്ലവണ്ണം ഇതെല്ലാം പഠിപ്പിച്ചിട്ടുണ്ടായിരുന്നു. അവൾ അതിലെ പണം എടുത്തില്ല. അത് അവിടെ കണ്ട

ഒരു ട്രാഫിക് പോലീസിന്റെ കയ്യിൽ ഏൽപ്പിച്ചു. ട്രാഫിക് പോലീസിന് അവളോട് സഹതാപം തോന്നി.കാരണം മുറിഞ്ഞു കേറിയ വസ്ത്രവും നിഷ്കളങ്കമായ മുഖഭാവവും എല്ലാം അയാളുടെ കണ്ണുകളെ ഈറനണിയിപ്പിച്ചു.അവളുടെ ആ സത്യസന്ധത അയാളുടെ ഹൃദയത്തിൽ  ഒരു സഹതാപം ഉണർത്തി. അവൾ പേഴ്സ് കൊടുത്തിട്ട് തിരിച്ചു നടക്കാൻ തുടങ്ങി. അപ്പോൾ അവളെ ട്രാഫിക് പോലീസ് വിളിച്ചു. എന്നിട്ട് അയാളുടെ കയ്യിലുള്ള ആ പണം ആ കുട്ടിയുടെ കയ്യിൽ ഏൽപ്പിച്ചു .ട്രാഫിക് പോലീസ് പറഞ്ഞു നീ ഇതു സ്വന്തമായി എടുത്തോളൂ. ഇത് കേട്ടപ്പോൾ അവൾ തനിക്ക് വേണ്ട എന്ന് പറഞ്ഞു. എങ്കിലും അയാൾ അത് അവളുടെ കയ്യിൽ ഏൽപ്പിച്ചുകൊടുത്തു. അവൾ വീട്ടിലേക്ക് പോയി. ട്രാഫിക് പോലീസ് അവൾ പോകുന്നത് കണ്ട് നോക്കിക്കൊണ്ടിരുന്നു. രാത്രി പോലീസിന്റെ ജോലി കഴിഞ്ഞതിനുശേഷം കുട്ടി പോയ ആ ഭാഗത്തേക്ക് പോയി. അവിടെയായിരുന്നു അവളുടെ വീട് അയാൾ അവളെ വിളിച്ചു. അയാൾ അവിടെ സാഹചര്യം മനസ്സിലാക്കി കുട്ടിയോട് അയാൾ ചോദിച്ചു എന്തെങ്കിലും ആഗ്രഹം ഉണ്ടോ എന്ന് ചോദിച്ചപ്പോൾ അവൾ പറഞ്ഞത് തനിക്കൊരു ഓട്ടക്കാരി ആവണമെന്നായിരുന്നു അയാൾ അവളുടെ ആഗ്രഹം മനസ്സിലാക്കി അവളെ നല്ല ഓട്ടത്തിന് പരിശീലിപ്പിക്കാം എന്ന് പറഞ്ഞു.അവൾ ഏറെ സന്തോഷവതിയായി അവളുടെ അമ്മയ്ക്കും അനിയനും അത് സന്തോഷമുണ്ടാക്കി പിറ്റെ ദിവസം അവളെ അയാൾ നല്ലൊരു പരിശീലകന്റെ അടുത്ത് കൊണ്ട് ചെന്നാക്കി അവൾക്ക് ആദ്യമായിരുന്നു ഇങ്ങനെ ഒരു അവസരം

ലഭിക്കുന്നത് അവളെ ഓടിച്ചു നോക്കിയപ്പോൾ എല്ലാവരും അമ്പരന്നുപോയി എന്തെന്നാൽ അവൾ അത്രയ്ക്കും വേഗത്തിൽ ആയിരുന്നു ഓടിയത് അവൾക്ക് സാധിക്കും എന്ന് അയാൾ ഉറക്കെ പറഞ്ഞു. അവൾക്കുള്ളിൽ ആത്മവിശ്വാസം നിറഞ്ഞ ദിവസം മുതൽ എന്നും പരിശീലനത്തിനായി പോയി അവൾക്ക് ഒരു ദിവസം ഒരു ഓട്ടം മത്സരത്തിനായി പങ്കെടുക്കേണ്ടതായി വന്നു അവൾ അതിനു മികച്ച രീതിയിൽ എല്ലാവരെയും അമ്പരപ്പിച്ചുകൊണ്ട് അവൾ ഓടി പിന്നീട് അവൾക്ക് ഇടയ്ക്ക് ഓട്ടം മത്സരങ്ങൾ വരാൻ തുടങ്ങി എല്ലാത്തിലും അവൾ നിശ്ചയിച്ചു തനിക്ക് പരിശീലനം തന്നതിൽ



അവൾ ട്രാഫിക്
പോലീസി നോട് നന്ദി
പറഞ്ഞു ഇത് നിന്റെ
സത്യസ ന്ധതയ്ക്കുള്ള
സമ്മാനമ ാണ്
നിന്നെപ്പേ ാലെ
സത്യസ ന്ധതയുള്ള ഒരു
കുട്ടിയെ ഞാൻ കണ്ടിട്ടില്ല
എനിക്ക് നിന്നെ
സഹായിച്ച ത് അഭിമാനം

ഉണ്ട് അവൾ പറഞ്ഞു നന്ദി ഇനി വാക്കുകളില്ല എനിക്ക് പറയാൻഅവർ രണ്ടുപേരും കുറെ സംസാരിച്ചു അവൾക്ക് ഓട്ടത്തിലൂടെ സമ്മാനങ്ങളും ക്യാഷ് പ്രൈസും ചിന്തിച്ചു തുടങ്ങി അതെല്ലാം അവൾ തന്നെ അമ്മയ്ക്ക് കൊടുത്തു അമ്മ അവൾക്ക് കിട്ടിയ ക്യാഷ് കൊണ്ട് അവൾക്ക് നല്ലൊരു ഉടുപ്പ് വാങ്ങി കൊടുത്തു അവൾ ഏറെ സന്തോഷിച്ചു അങ്ങനെ കുറെ മാസങ്ങൾ കടന്നുപോയി അവൾ നല്ലൊരു ഓട്ടകാര്യയായി

അവൾക്ക് ഓട്ടമത്സരത്തിൽ പങ്കെടുത്തതിൽ പിന്നെ അവാർഡും സമ്മാനങ്ങളും കിട്ടിത്തുടങ്ങി അവരുടെ വീട്ടുകാർക്ക് ബന്ധുക്കളും ഉണ്ട് പക്ഷേ അവർക്ക്പണമില്ലാത്ത ആയതോടെ അവരെ അന്വേഷിക്കണം എല്ലാ ഇല്ലാതായി അങ്ങനെ വർഷം പതിയെ പതിയെ കടന്നുപോയി അവൾക്കിപ്പോൾ രാജ്യത്തെ പ്രതിനിധീകരിച്ചിട്ടുള്ള ഓട്ടമത്സരങ്ങൾ വരെ പങ്കെടുക്കുവാൻ അവസരം കിട്ടി അവൾക്ക് ഏറെ സന്തോഷം ഉണ്ടായി ഇന്ത്യക്കാരായ ജനങ്ങളെല്ലാം അവൾക്കുവേണ്ടി പ്രാർത്ഥിച്ച ഒരുപാട് ജനങ്ങൾ അവളുടെ കഷ്ടപ്പാട് മനസ്സിലാകെ സഹായം അങ്ങനെ നല്ല അടച്ചുറപ്പുള്ള വീട് അവർ പണിതു രാജ്യത്തെ പ്രതിനിധീകരിച്ചിട്ടുള്ള മത്സരം കാണാൻ ആളുകൾ തടിച്ചുകൂടി അവിടെ വേറെ രാജക്കാരും ഉണ്ടായിരുന്നു മത്സരം തുടങ്ങി എല്ലാ ഇന്ത്യക്കാരും അവൾക്കായി വിജയാശംസകൾ നേർന്നു അവർ വിചാരിച്ചത് പോലെ തന്നെ അവൾ ഓടി വന്നാൽ സ്ഥാനം സെറ്റ് ജനങ്ങളുടെ കാരണസഫലമായി എല്ലാവർക്കും സന്തോഷമായി അവൾ അതിനെ മികച്ച ഓട്ടോക്കാരിയായി വളർന്നു അതിനനുസരിച്ച് തുടങ്ങി ക്ലാസ്സിക് പോലീസിനെ അവൾ എന്നും ഓർക്കുന്നു.ഒഴിവ് കിട്ടുമ്പോൾ അവൾ അവരുടെ അടുത്തേക്കും പോകും ഒടുവിൽ ഇനി കളിക്കാൻ പോകുന്നത് ഒളിമ്പിക്സ് മത്സരത്തിൽ ആയിരുന്നു ഏഷ്യ എന്ന ഭൂഖണ്ഡത്തെ പ്രതിനിധീകരിച്ച് കളിക്കുന്നതിൽ അവൾ അഭിമാനിച്ചു അതുപോലെ തന്നെ അവരുടെ വീട്ടുകാരും ട്രാഫിക് പോലീസും പരിശീലകനും. അങ്ങനെ അടുത്ത ദിവസത്തെ ഒളിമ്പിക് മത്സരത്തിനായി അവൾ നന്നായി അധ്വാനിച്ചു.രാവും പകലും അവൾ അതിനായി പരിശ്രമിച്ചു അങ്ങനെഅവളുടെ ചെറുപ്പം മുതലേയുള്ള ആ

ആഗ്രഹം അത് നിറവേറ്റാൻ അവൾ പരിശ്രമിച്ചു ഒടുവിൽ മത്സര ദിനമായി എല്ലാവരും പകർന്നു അങ്ങനെ അവളോട് അവൾ ഓടിയ വേഗത എല്ലാവരെയും അമ്പരപ്പിച്ചു. ഇതുവരെ ആരും ഇത്ര വേഗത്തിൽ ഓടിയിട്ടുണ്ടാവില്ല ഒരു മിന്നാരം പോലെ അവൾ കടന്നു പോയി ഫിനിഷിംഗ് ലെവൽ എത്തി അവളുടെ കണ്ണിൽനിന്നും സന്തോഷകർ ധാരധാരയായി ഒഴുകുന്നു അവൾ ഏറ്റവും അധികം സന്തോഷിച്ചിരുന്ന ആ നിമിഷമായ അവൾ തന്നെ ഭൂഖണ്ഡത്തിലെ പ്രതിനിധീകരിച്ച് സ്വർണമെഡൽ കിട്ടി അവൾക്ക് പണവും ലഭിച്ചിരുന്നു അവൾ പണം അമ്മയ്ക്ക് കൊടുത്തിട്ട് പറഞ്ഞു അമ്മ ഞങ്ങൾക്കുവേണ്ടി എന്തോരം കഷ്ടപ്പെടുന്ന ഇനി അമ്മ എവിടെയും പോകണ്ട വീട്ടിൽ നമ്മളോടൊപ്പം ഇരിക്കണം അമ്മ മകളുടെ വിജയത്തിൽ ഏറെ സന്തോഷിച്ചു ക്ലാസിൽ പോലീസും പരിശീലകനും അനിയനും എല്ലാവരും സന്തോഷിച്ചു അവൾക്ക് പറയാൻ വാക്കുകൾ ഉണ്ടായിരുന്നില്ല ഞങ്ങളുടെ ജീവിതത്തിലെ എല്ലാ കഷ്ടപ്പാടും മാറിൽ ഇനി അവൾ ഏറെ സന്തോഷവതി ആയിരിക്കുന്നു എല്ലാവരും സന്തോഷിച്ചു എല്ലാവരും അവളെ കുറെ ആളുകൾ നല്ല രീതിയിൽ പ്രശംസിച്ചു അവൾ എല്ലാവർക്കും നന്ദി പറഞ്ഞു പിന്നീട് അവൾ ലോകപ്രശസ്തയായ ഓട്ടക്കാരിയായി മാറി.



കൃഷ്ണപ്രിയ കെ എച്ച്
8A

# കൂട്ടുകാരി

ഇഷ്ടമില്ലാർക്കുമെൻ ലോകത്തിൽ
സ്നേഹമായ് തുണചേരും കൂട്ടുകാരി
നഷ്ടങ്ങളാൽ ചുറ്റി കിടക്കുമെൻ ലോകത്തെ
സന്തോഷമാക്കിടും കൂട്ടുകാരി
ഇരുട്ട് നിറഞ്ഞെയെൻ ലോകത്തിൽ
വെളിച്ചം പകർന്നിടും കൂട്ടുക്കാരി
എല്ലാവരും വെറുക്കുമെൻ ലോകത്തിൽ
സ്വപ്ന സന്തോഷങ്ങളെനിക്കായി
പകർന്നവെൻ കൂട്ടുകാരി
കഷ്ടങ്ങളാൽ നീറി പുകയുമെൻ ലോകത്ത്
തണൽ മരം പോലെന്നും നിഴലായെൻ
കൂടെ നടക്കുമെൻ കൂട്ടുകാരി
സ്നേഹവും സന്തോഷവും ബന്ധങ്ങളുമെന്നും
അറിവ് പകർന്നവെൻ പ്രിയ കളിക്കൂട്ടുകാരി



**ലക്ഷ്മി എം. കൃഷ്ണൻ**

# ശാസ്ത്രം എന്ന മായാലോകം

ശാസ്ത്രം എന്നത് ഒരു മഹാസമുദ്രം പോലെയാണ് .അത് സമുദ്രം ഒഴുകുന്നത് പോലെ നിത്യവും വളർന്നുകൊണ്ടിരിക്കുന്നു.ആ സമുദ്രത്തിന്റെ ആഴങ്ങൾ അറിയാൻ നിത്യവും നാം പരിശ്രമിക്കണം.ശാസ്ത്രത്തെ പൂർണ്ണമായും ഗ്രഹിക്കാൻ ആർക്കും സാധിച്ചിട്ടില്ല.അത് നിസ്സാരമല്ല ലോകത്തെക്കുറിച്ച് പഠിക്കാനുള്ള വഴിയാണ് ശാസ്ത്രം നമുക്കായി ഒരുക്കുന്നത് ശാസ്ത്രതത്വങ്ങളിലൂടെ പല പ്രപഞ്ചസത്യങ്ങളും നമുക്കു മനസ്സിലാക്കാം .ശാസ്ത്രത്തിന് ഏറെ ശാഖകൾ ഉണ്ട്.കൊച്ചു കുരുന്നുകൾ പോലും ശാസ്ത്ര പുരോഗതിക്ക് പാത്രമാകുന്നു.ശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നത് ഗലീലിയോ ഗലീലി എന്ന ശാസ്ത്രജ്ഞനാണ്.ഈ ലോകം തന്നെ ശാസ്ത്ര ഗതിക്കനുസരിച്ചാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തിന് ശാസ്ത്രം നൽകിയ സംഭാവനകൾ



വളരെ വലുതാണ്.സ്മാർട്ട് ഫോൺ ,കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങളിലൂടെ വാർത്താ വിനിമയം സുഗമമായി.ബഹിരാകാശ രംഗത്ത് വലിയ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് സാധിച്ചു.ആദ്യ ഉപഗ്രഹം ആയ ആര്യഭട്ട 1975ൽ വിജയകരമായി വിക്ഷേപിച്ചു.അഗ്നി , പ്രിത്വി തുടങ്ങിയ മിസൈലുകൾ വികസിപ്പിച്ചു.1962 ൽ ദേശീയ ബഹിരാകാശഗവേഷണ സമിതിയും 1969 ൽ ഇന്ത്യൻ ബഹിരാകാശ ഗവേഷണസംഘടനയും രൂപീകരിച്ചു.ഗവേഷണം നടത്തുന്നവർ ഇന്ന് ഏറെയാണ്.അവർ പരീക്ഷണങ്ങൾ നടത്തി പുതിയ സിദ്ധാന്തങ്ങൾ കണ്ടുപിടിക്കുന്നു.നാം ഉപയോഗിക്കുന്ന വൈദ്യുതി ശാസ്ത്രത്തിൻറെ സംഭാവനയാണ്.ഇന്ധനം ഇല്ലാതെ ഉപയോഗിക്കാൻ കഴിയുന്ന വൈദ്യുതിയിലൂടെ പ്രവർത്തിക്കാൻ കഴിയുന്ന വാഹനങ്ങളും ഇന്ന് നിരത്തിലുണ്ട്.കോവിഡ് പോലെയുള്ള മഹാരോഗങ്ങൾക്കെതിരെയുള്ള വാക്സിനുകൾ കണ്ടുപിടിച്ചതോടെ നമുക്ക് അവയെ അതിജീവിക്കാൻ സാധിച്ചു.മനുഷ്യനെപ്പോലെ പ്രവർത്തിക്കുന്ന യന്ത്രങ്ങൾ മനുഷ്യൻറെ ജോലി എളുപ്പമാക്കുന്നു.ശാസ്ത്രീയമായ പരിശോധനകളിലൂടെ നമുക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ സാധിക്കുന്നു.ശാസ്ത്രീയമായ കണ്ടെത്തലുകൾ ആണ് പല കൊലപാതങ്ങളിലെയും വഴിത്തിരിവ്.ഫോറൻസിക് വിദഗ്ധർ സംഭവസ്ഥല ത്തെത്തി വിരലടയാളങ്ങളും

മറ്റ് തെളിവുകളും ശേഖരിക്കുന്നു.യുവശ ശാസ്ത്രീയമായി പരിശോധിക്കുന്നതിലൂടെ കുറ്റവാളിയെ കണ്ടുപിടിക്കാൻ സാധിക്കുന്നു.ശാസ്ത്രത്തിൻറെ വളർച്ചയോടെ ഈ മേഖലയിലുള്ള തൊഴിൽ സാധ്യതകളും വർദ്ധിച്ചുവരികയാണ്'.മനുഷ്യരെപ്പോലെ ബുദ്ധിപരമായി ചിന്തിച്ച് എല്ലാം തിരിച്ചറിഞ്ഞ് പെരുമാറുന്ന എ ഐ ക്യാമറകളും ഇന്ന് നിലവിലുണ്ട്.ഇരു ചക്ര വാഹനങ്ങളിൽ ഹെൽമറ്റ് ധരിക്കാതെ സഞ്ചരിക്കുമ്പോഴും മറ്റു വാഹനങ്ങളിൽ സീറ്റ് ബെൽറ്റ് ധരിക്കാതെ സഞ്ചരിക്കുമ്പോഴും നമുക്ക് പിഴ നൽകുന്നത് എ ഐ ക്യാമറകളാണ്.ഡിഎൻഎ ടെസ്റ്റിലൂടെ എത്ര പഴക്കമുള്ള മൃതദേഹവും നമുക്ക് തിരിച്ചറിയാം.വിവിധതരത്തിലുള്ള ഉപകരണങ്ങളുടെ നിർമ്മാണത്തോടെ നമുക്ക് നമ്മുടെ സുഖത്തിനും സൗകര്യത്തിനും അനുസരിച്ച് ജീവിക്കാം.



**ലക്ഷ്മി സി എസ്**

**10 A**

# സോഷ്യൽ മീഡിയ നിത്യജീവിതത്തിൽ




നമ്മുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ സമയം ചിലവഴിച്ചു കൊണ്ടിരിക്കുന്ന ഒന്നാണ് സോഷ്യൽ മീഡിയയുടെ ഉപയോഗം അവ നമ്മളെ നല്ല കാര്യത്തിലേക്ക് തെറ്റുകളിലേക്കും നയിക്കുന്നു പുതിയ തലമുറ പുറംലോകം എന്തെന്നറിയാതെ ജീവിതത്തിലെ ഓരോ മിനിറ്റും സോഷ്യൽ മീഡിയയിൽ ചിലവഴിക്കുന്നു എന്നാൽ സോഷ്യൽ മീഡിയയിൽ തന്നെ നമ്മളെ സഹായിക്കാനും പഠിപ്പിക്കാനും ഒരുപാട് പേരുണ്ട് അവർ നമ്മളുടെ ബുദ്ധി വളർത്താനും അറിവ് നേടാനും സഹായിക്കുന്നു പക്ഷേ അതിനോടൊപ്പം തന്നെ നമ്മൾ ചെലവഴിക്കുന്ന ഓരോ സമയവും നമുക്ക് വേണ്ടപ്പെട്ടതാണെന്നുള്ള ചിന്ത പുതിയ

തലമുറയിൽ ഉണ്ടാകുന്നില്ല.എന്നെ സംബന്ധിച്ച് എന്നിൽ നല്ലത് എന്താണെന്ന് തെറ്റ് എന്താണെന്ന് പകർന്നു തന്ന ഒന്നാണ് സോഷ്യൽ മീഡിയ

കൊറോണ കാലത്ത് സോഷ്യൽ മീഡിയയോടുള്ള ബന്ധം വർദ്ധിക്കുകയും അത് പലരെയും തെറ്റുകളിലേക്ക് നയിക്കുകയും ചെയ്തു. പിന്നീട് പലരും കൂടുതൽ തെറ്റിലേക്ക് വീഴാതിരിക്കാനായി ഫോണുമായുള്ള ബന്ധം കുറയ്ക്കുകയും പഠനത്തിൽ ശ്രദ്ധിക്കുകയും ചെയ്തു അന്ന് കുട്ടികൾക്ക് ഓൺലൈൻ ക്ലാസുകൾ ആണ് ഉണ്ടായിരുന്നത് ജീവിതത്തിൽ അങ്ങനെ ഒരു സഹായം നമുക്ക് ഓരോരുത്തർക്കും സോഷ്യൽ മീഡിയയിലൂടെ ലഭിച്ചു പക്ഷേ അന്നും മനുഷ്യർക്ക് സോഷ്യൽ മീഡിയയുടെ ഗുണങ്ങൾ എന്താണെന്ന് അറിയാമായിരുന്നില്ല അഞ്ചുവയസ്സു മുതൽ 50 വയസ്സുവരെയുള്ള കുട്ടികളും മുതിർന്നവരും അടക്കം ലോകത്തിൽ സോഷ്യൽ മീഡിയയുമായുള്ളബന്ധം കൂട്ടി തുടങ്ങി പലരും ഫോണിനോട് ബന്ധപ്പെട്ടത് മുതൽ ഇന്നും

സോഷ്യൽ മീഡിയയിൽ തന്നെയാണ് മൊബൈൽ എന്ന വാക്ക് തന്നെ മനുഷ്യനെ പലപ്പോഴും സോഷ്യൽ മീഡിയയ്ക്ക് അടിമകളാക്കി മാറ്റി ഇന്ന് സോഷ്യൽ മീഡിയയ്ക്ക് അടിമകളായ പല കുട്ടികളും ലോകത്തിൽ നിന്ന് വിട പറയുന്നു എന്നാൽ പല കുട്ടികളും സോഷ്യൽ മീഡിയയുടെ ഉപയോഗം മൂലംപണമുണ്ടാക്കുന്നുഇന്നത്തെ തലമുറ സോഷ്യൽ മീഡിയയുടെ ഉപയോഗം ശരിയായി മനസ്സിലാക്കി മാത്രം ഉപയോഗിക്കുക എന്നതാണ്എനിക്ക് പറയാനുള്ളത്



കൃപ വിനോദ്

8B

# "ഒറ്റയ്ക്കാനിഴൽ"

ജീവിത പാതയിൽ ഒറ്റയ്ക്കാ
നിഴലിന് കൂട്ടായ് എത്തുമോ
ആ കുഞ്ഞിളം വെയിൽ.
അമ്മയ്ക്കും അച്ഛനും ഒറ്റയ്ക്ക
താലോലിക്കാൻ ഒറ്റമകളായ് നിന്നു
ഞാൻ ആ കൂരിരുട്ടിൽ കൂട്ടിനായ്
കുഞ്ഞിളം വെയിലിനെ തേടി.
കൊഞ്ചിക്കാനും വഴക്കിടുന്നും ഒരു
കൂട്ടുണ്ടായിരുന്നെങ്കിൽ എന്നൊരാ-
ഗ്രഹം ഇരുട്ടിന്റെ മറവിലും പറഞ്ഞു
ഞാൻ എൻ നിഴലിനോട്.
ചേച്ചിയെന്നാ കൊഞ്ചലിൻ വിളിക്കായ്
ഞാൻ കാത്തുനിൽക്കുന്നു എൻ
കുഞ്ഞിളം വെയിലിനായ്.



അക്ഷര.പി.അനിൽ
9A

# നീലഗിരിയുടെ കുളിർമയിലൂടെ



ജീവിതത്തിൽ മറക്കാനാവാത്ത ഒരു അനുഭവം നൽകിയതായിരുന്നു ഊട്ടിയിലേക്കുള്ള യാത്ര .അധ്യാപകരും വിദ്യാർത്ഥികളുമായി അടിച്ചുപൊളിച്ചു പോയി വന്ന പത്താം ക്ലാസിന്റെ ഉല്ലാസയാത്ര .2024 നവംബർ 15 16 തീയതികളിൽ ആയിട്ടായിരുന്നു യാത്ര .ഇവിടെനിന്ന് രാവിലെ 5:30 ആയപ്പോൾ പുറപ്പെട്ടു. യാത്രയിൽ തന്നെ ഒരു ഹോട്ടലിൽ നിന്ന് പ്രഭാത ഭക്ഷണം കഴിച്ചു. ഒരുപാട് ദൂരം ഉള്ളതിനാൽ യാത്ര കുറച്ചു വിരസമായിരുന്നു. എന്നാൽ ഊട്ടി എത്തിയപ്പോഴെക്കും കണ്ണിനു കുളിർമയുണ്ടാക്കുന്ന ഒത്തിരി കാഴ്ചകൾ കാണാൻ സാധിച്ചു. ഹൈറേഞ്ച് കയറിയപ്പോൾ

തേയില തോട്ടങ്ങൾ, കൊച്ചുകൊച്ചു അരുവികൾ , മഞ്ഞൾ പൊതിഞ്ഞു നിൽക്കുന്ന മലനിരകൾ, കോടമഞ്ഞാൽ നിറഞ്ഞുനിൽക്കുന്ന താഴ്‌വരകൾ, പലനിറത്തിലുള്ള കുഞ്ഞു കുഞ്ഞു വീടുകൾ , പലനിറത്തിലുള്ള പൂക്കൾ, കാട്ടുവഴികൾ, കുഞ്ഞു കുഞ്ഞു തീവണ്ടി പാതകൾ അങ്ങനെ പലതും ...... ഏകദേശം ഉച്ചയായയപ്പോൾ ഞങ്ങൾ താമസസ്ഥലത്ത് എത്തിയിരുന്നു. അവിടെ നിന്ന് തന്നെയായിരുന്നു ഉച്ചഭക്ഷണവും. അതുകഴിഞ്ഞ് ഞങ്ങൾ തമിഴ്നാട് കർണാടക ബോർഡറിൽ ഉള്ള കർണാടക സിറി ഹോർട്ടികൾച്ചർ ഗാർഡനിലേക്ക് പോയി. കണ്ണെത്താ ദൂരത്തേക്ക് നീണ്ടു കിടക്കുന്ന ഒരു പൂന്തോട്ടം ...... കാണാൻ കൗതുകമുയർത്തുന്ന പല കാഴ്ചകളും . പിന്നെ ഞങ്ങൾ പോയത് ഊട്ടിയിലെ പേരുകേട്ടതായ ഊട്ടിലേക്കിലേക്ക് ആണ് .അപ്പോഴേക്കും തണുപ്പ് കൂടിയിരുന്നു ഞങ്ങൾ ഒരു ഐസ്ക്രീം വാങ്ങി കഴിച്ചു. തണുപ്പിൽ ഒരു ഐസ്ക്രീം . ആ ലേക്കിൽ ഞങ്ങൾ ഒന്ന് കാൽമുക്കി നോക്കി. കാൽ മരവിച്ചു പോയി. പിന്നെ അവിടെയുള്ള ബ്രിഡ്ജിൽ കയറി നിന്നു. പരന്നൊഴുകുന്ന തെളിനീർ പോലെയുള്ള വെള്ളം . അതിൽ ചിന്നി ചിതറി കിടക്കുന്ന പലനിറത്തിലുള്ള ബോട്ടുകളും . ഇരുഭാഗത്തും മഞ്ഞിൽ പുതച്ചു നിൽക്കുന്ന പടുകൂറ്റൻ ഓക്ക് മരങ്ങൾ . അപ്പോഴേക്കും ചെറിയ ചാറ്റൽ മഴ തുടങ്ങിയിരുന്നു. കുറച്ചു കഴിഞ്ഞപ്പോഴേക്കും മഴ ശക്തി പ്രാപിച്ചിരുന്നു. പിന്നെ

നേരെ റിസോർട്ടിലേക്ക് പോയി. ഒന്ന് ഫ്രഷ് ആയി വരാനുള്ള സമയമേ ഉണ്ടായിരുന്നുള്ളൂ. പിന്നെ ഭക്ഷണം കഴിച്ചു. ചാറ്റൽ മഴ കാരണം , മുൻകൂട്ടി നിശ്ചയിച്ച ക്യാമ്പ് ഫയർ ഉണ്ടായിരുന്നില്ല. രാത്രിയായപ്പോഴേക്കും തണുപ്പ് അതിന്റെ ഭീകരത പ്രാപിച്ചിരുന്നു. ഒരു ഫ്രീസറിൽ കയറിയിരുന്ന പോലെയുള്ള തണുപ്പ് അനുഭവപ്പെട്ടു. ആ തണുപ്പിൽ തീ കായുന്നിടത്ത് നിന്ന് തീയിലേക്ക് കൈകൾ നീട്ടിപ്പിടിച്ച്, അത് മുഖത്തേക്ക് വെക്കുമ്പോൾ എന്തൊരു സുഖമായിരുന്നു. തണുപ്പ് സഹിക്കാതെ ആയപ്പോൾ എല്ലാവരും ഉറങ്ങാൻ പോയി .പിറ്റേദിവസം രാവിലെ ഒരു സുന്ദരമായ ദൃശ്യം കണ്ടായിരുന്നു ഉണർന്നത്. പ്രഭാതത്തിന്റെ പ്രസരിപ്പ് ....... ഞങ്ങളുടെ റൂമിലെ ബാൽക്കണിയിൽ നിന്ന് നോക്കിയാൽ തൊട്ടടുത്ത ഒരു മല കാണാമായിരുന്നു. രാവിലെ ആ മലയെ കോടമഞ്ഞ് വിഴുങ്ങിയത് പോലെ അത് കാണപ്പെട്ടു. എന്തൊരു സുന്ദരമായ ദൃശ്യം. കുറച്ചുനേരം നോക്കിയപ്പോൾ മഞ്ഞ് പതിയെ പതിയെ മാറി തുടങ്ങിയിരുന്നു. പതിയെ മലയെ കാണാൻ സാധിച്ചു തുടങ്ങി. പിന്നെ ഫ്രഷ് ആയി ബ്രേക്ക് ഫാസ്റ്റ് കഴിച്ചു വന്നപ്പോഴേക്കും ഞങ്ങൾക്ക് അടുത്ത സ്ഥലത്തേക്ക് പോകേണ്ട സമയമായിരുന്നു. പിന്നീട് പോയത് ചോക്ലേറ്റ് ഫാക്ടറിയിലേക്കും, ടീ ഫാക്ടറിയിലേക്കും ആണ് . തേയില ഉണ്ടാക്കുന്നത് എങ്ങനെയാണെന്ന് അറിയാൻ സാധിച്ചു. പിന്നെ ഒരു മൊട്ടക്കുന്നിലേക്കാണ് പോയത്. യാത്രയിലെ

ഞങ്ങളുടെ അവസാന ഡെസ്റ്റിനേഷൻ ആയിരുന്നു അത്. അവിടെ വച്ച് വായയിൽ നിന്ന് പുക മഞ്ഞ് പോകുന്നത് ആശ്ചര്യത്തോടെ ഞാൻ നോക്കി കണ്ടു. കുന്നിന്റെ മുകളിൽ നിന്ന് താഴേക്ക് നോക്കിയാൽ നിറയെ വെളുത്ത പഞ്ഞി മിട്ടായി പോലെ മഞ്ഞു നിൽക്കുന്നു. പിന്നെ ഉച്ചഭക്ഷണം കഴിച്ച് ഞങ്ങളെ ഊട്ടിയുടെ തെരുവുകളിലേക്ക് ഒരു മണിക്കൂറേയ്ക്ക് വിട്ടു. വഴിയിൽ നിറയെ വഴിയോരകച്ചവടക്കാരും , ആവി പറക്കുന്ന ഭക്ഷണസാധനങ്ങളും , നിറയെ ഊട്ടി പൂക്കളും , പിന്നെ വിനോദസഞ്ചാരികളെ കൊണ്ട് തിങ്ങി നിറഞ്ഞ തെരുവോരങ്ങളും ..... തിരിച്ചുള്ള യാത്രയിൽ സിനിമയും പാട്ടും ഡാൻസുമായി ബസ്സിൽ അടിച്ചുപൊളിച്ചു. തിരികെ പതിനേഴാം തീയതി പുലർച്ചെ 1: 30 ആയപ്പോഴേക്കും എത്തി.ഊട്ടി അങ്ങനെ ഒരു ഓർമ്മയിൽ മായാത്ത സുന്ദരമായ ഒരു ഓർമ്മയായി.........



**സെറ റോസ് പൗലോസ്**

**10A**

# പോകെപ്പോകെ

നീയുണ്ടാക്കിത്തന്ന
ചായയ്ക്ക് മധുരം
കടുപ്പം  പാകം
നിന്നോടുള്ള ഇഷ്ടം കൊണ്ട്
എനിക്കങ്ങനെ
തോന്നുന്നതാവാം
നീയിട്ട കടുപ്പമാണെന്റെ
കടുപ്പം എന്നും
നീ ചേർത്ത മധുരമാണ്
എന്റെ മധുരമെന്നും
എന്റെ രുചി പാകം
നിജപ്പെടുത്തുന്ന താകാം

സ്നേഹം അങ്ങനെയാണ്
മറ്റൊരാളുടെ
ഉള്ളിലേക്ക്
ചിലനേരമെങ്കിലും
കടന്നിരിക്കലാണ്

ഇനി എത്ര നേരമതിന്റെ
രുചിയുള്ളിൽ
തങ്ങിനിൽക്കും!
പാലും പഞ്ചസാരയും
പോലെ നാമലിഞ്ഞ

# നിമിഷങ്ങൾക്കു മേലും

കാലം അതിന്റെ
വിരുത് പണിയും

വെയിലടിക്കുമ്പോൾ
പുലർമഞ്ഞ് മാഞ്ഞു
പോകുന്നതു പോൽ
സൂര്യനുദിക്കുമ്പോൾ
താരകങ്ങൾ
കെട്ടുപോകുന്നതുപോൽ
പോകെ പോകെ
നമ്മളുമില്ലാതാകും



**ശ്രീല വി.വി**
**അധ്യാപിക**

# പ്രകൃതി ദുരന്തങ്ങൾ

ഇന്ന് ലോകത്തെ കാർന്നുതിന്നുന്ന പ്രശ്നങ്ങളിൽ ഒന്നാണ് പ്രകൃതി ദുരന്തങ്ങൾ പ്രളയവും ഉരുൾപൊട്ടലും സുനാമിയും മണ്ണിടിച്ചിലുമായി ഭൂമിയുടെ ഓരോ ഭാഗവും നശിച്ചു പോയിക്കൊണ്ടിരിക്കുകയാണ് മനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകളുടെ ഫലമായി പ്രകൃതി കലിതുള്ളിയാടുകയാണ് അതിന് ഉത്തമ ഉദാഹരണമാണ് വയനാടിന്റെകൊച്ചു ഗ്രാമങ്ങളായ ചൂരൽ മലയിലും പുഞ്ചിരി മട്ടത്തുംനടന്ന ഉരുൾപൊട്ടൽകുറച്ച് ആളുകൾ ചെയ്യുന്ന ക്രൂരമായ പ്രവർത്തികൾക്ക് ബലിയാട് ആകുന്നത് ഒരു കൂട്ടം നിരപരാധികളാണ് എന്നാൽ നശിച്ചുപോകുന്ന സ്ഥലങ്ങളും ജീവനുകളും ഒരിക്കലും തിരിച്ചു പിടിക്കാൻ കഴിയില്ലെന്നുള്ളതാണ് വാസ്തവം മനുഷ്യൻ ചെയ്യുന്ന പ്രകൃതിയോടുള്ള ക്രൂരതകൾക്ക്പ്രകൃതി നൽകുന്ന ഉത്തരമാണ് പ്രകൃതിദുരന്തങ്ങൾ ഇന്ന് മനുഷ്യൻ ധനത്തിന് പിറകിലുള്ള ഓട്ടത്തിലാണ് മരങ്ങൾ മുറിച്ചു മാറ്റുന്നത് വഴി ഭൂമിയിൽ മഴ പെയ്യുന്നതിനുള്ള അവസരങ്ങൾ കുറയുകയാണ് ഇന്ന് കാലം തെറ്റി വരുന്ന മഴയും വേനലും ശീതവും ഒക്കെ പ്രകൃതി ദുരന്തങ്ങളുടെ സൂചനകളാണ് പറമ്പുകളും ഗ്രൗണ്ടുകളും ടൈലിട്ടു നിരപ്പാകുന്നത് വഴി ഭൂമിയിൽ വെള്ളം താഴ്ന്നു പോകുന്നത് തടയപ്പെടുന്നു ഇന്ന് വലിയ നഗരങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നത് നാം കാണാറുണ്ട് ഭൂമിയിൽ വെള്ളം താഴ്ന്നു പോകാത്തത് വഴി പ്രണയങ്ങൾ ഉണ്ടാകുന്നു

വെള്ളത്തിൻറെ അതിശക്തമായ ഒഴുക്കിൽ കുറെ ജീവനുകളും വസ്തുവകകളും കെട്ടിടങ്ങളും ഒഴുകിപ്പോകുന്നു നമ്മൾ മരങ്ങളുംകാടുകളും വെട്ടി നിരത്തി ഉണ്ടാക്കിയ എല്ലാ വസ്തുക്കളും വെള്ളത്തിൽ ഒഴുകിപ്പോവുകയും കുതിർന്നു പോകുകയും ചെയ്യുന്നു കുന്നുകൾ ഇടിച്ചു നിരത്തി കെട്ടിടങ്ങൾ പണിയുന്നത് മനുഷ്യനെ ഒരു വിനോദമായി മാറി കഴിഞ്ഞിരിക്കുന്നു അതിനു പ്രതിഫലമായി മണ്ണിടിച്ചിൽ ഉണ്ടാകുകയും ആ വീടുകളിൽ താമസിക്കുന്നവരൊക്കെയും മണ്ണിടിഞ്ഞു പോവുകയും ചെയ്യുന്നു നമ്മുടെയെല്ലാം സ്വാർത്ഥ താൽപര്യങ്ങൾക്കു വേണ്ടി നാം ചെയ്യുന്ന ഓരോ കാര്യങ്ങളും നമുക്ക് തന്നെ വിനയായി ഭവിക്കുന്നു അനുഭവങ്ങളാണ് ഗുരു എന്ന് പറഞ്ഞു കേട്ടിട്ടുണ്ട് എന്നാൽ ഒരു പ്രതികൂല സാഹചര്യമുണ്ടായിട്ടും വീണ്ടും പ്രകൃതിക്കെതിരെയുള്ള പ്രവർത്തനങ്ങൾ നടത്തി വീണ്ടും ഒരു പ്രകൃതി ദുരന്തത്തിന് സാക്ഷ്യം വഹിച്ചിരിക്കുകയാണ് കേരളം 2018ലെ പ്രളയം ജാതിമതഭേദം എന്നില്ലാതെ ധനികനെന്നോ ദരിദ്രൻ എന്ന വ്യത്യാസമില്ലാതെ എല്ലാവരെയും ഒരുപോലെ വിഴുങ്ങി കളഞ്ഞു. എന്നിരുന്നാലും കേരളം അതിനെയെല്ലാം അതിജീവിച്ചു. എത്രയെത്ര ജീവനുകൾ എത്രയെത്ര സ്വപ്നങ്ങൾ എല്ലാം വെള്ളത്തിൽ ഒഴുകിപ്പോയി ഇനിയൊരു പ്രകൃതിദുരന്തം ഉണ്ടാകില്ലെന്ന് അതിനൊരു സാഹചര്യം മലയാളികൾ വരുത്തുകയില്ലെന്നും എല്ലാവരും വിശ്വസിച്ചു എന്നാൽ ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ കേരളം വീണ്ടും ഒരു പ്രകൃതിദുരന്തം അനുഭവിക്കേണ്ടിവന്നു എത്ര

വേദനാജനകമായിരുന്നു കാഴ്ച ഒരു രാത്രിയിൽ എത്ര ജീവനുകൾ പൊലിഞ്ഞു പോയി എത്ര ആളുകൾ ഒരു നല്ല പുലരിയെ കാത്ത് പ്രതീക്ഷയോടെ നിദ്രയിലാണ്ടിരുന്നു ഒരു നിമിഷം കൊണ്ട് എല്ലാം ശൂന്യമായി പുലർന്നപ്പോൾ വീടില്ല കൂടെ കിടന്നവർ ഇല്ല തങ്ങളുടെ സ്വപ്നങ്ങൾ എല്ലാം മലവെള്ളപ്പാച്ചിലിൽ ഒലിച്ച് പോകുന്നു മൺമറഞ്ഞുപോയ ജീവനുകൾ !പലരുടെയും ഉപജീവനമാർഗ്ഗമായ തേയില തോട്ടങ്ങൾ നശിച്ച് പോയിരിക്കുന്നു എന്നാൽ അതേ തോട്ടങ്ങൾ ചെളിനി നിറഞ്ഞു നിൽക്കുന്നത് പലരും കണ്ടു. വയനാട് ഒരു കണ്ണീർ നാടായിമാറിയത് നമ്മൾ കണ്ടു കഴിഞ്ഞു എല്ലാം നിമിഷങ്ങൾ കൊണ്ട് മാത്രമാണ് സംഭവിച്ചത്എല്ലാവർക്കും ഒരു നടുങ്ങൽ പ്രകൃതി ദുരന്തങ്ങൾക്കൊന്നും പ്രതിവിധികളില്ലേമനുഷ്യൻ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾ അവസാനിപ്പിച്ചാൽ മാത്രമേ ഇവയ്ക്ക് പരിഹാരം ഉള്ളൂ കാടുകളും മരങ്ങളും വെട്ടി വെളുപ്പിച്ച് വീടുകൾ പണിയുന്നത് ഒഴിവാക്കുക കാർഡ് മൃഗങ്ങൾക്കുള്ളതാണ് നാട് മനുഷ്യർക്കുള്ളതാണ് മരങ്ങൾ വെച്ചുപിടിപ്പിക്കുന്നത് വഴി കാലം മാറിവരുന്ന മഴയ്ക്കും കാലാവസ്ഥകൾക്കും ഒരു അറുതി വരും വീടുകളും പറമ്പുകളും ടൈലിട്ടു നിരക്കാതെ ഇരിക്കാം ചെടികളും പുല്ലുകളും തൊടിയിൽ വളരുന്നത് ഒരു ഭംഗിയാണ്അതുവഴി വെള്ളം മണ്ണിലേക്ക് ഇറങ്ങിപോവുകയും മണ്ണിന്റെ ഫലഭൂയിഷ്ഠി ഉണ്ടാവുകയും ചെയ്യും പുഴ നിരത്തുകയും കുന്നിടിക്കുകയും വയൽ നശിപ്പിക്കുകയും ചെയ്യാതിരിക്കാൻ അതുവഴി മണ്ണിടിച്ചിൽ നമുക്ക് തടയാം. നാം നമ്മുടെ സുഖത്തിനുവേണ്ടി

ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവർക്കും സുഖത്തിനായി ഭവിക്കട്ടെ. നാം ചെയ്യുന്ന ക്രൂരതകൾക്ക് ഫലമായി വരുന്ന ദുരന്തങ്ങൾ എല്ലാവരെയും ബാധിക്കുമെന്ന് നമുക്ക് ഓർക്കാം പ്രകൃതിയോട് ഇണങ്ങി ജീവിക്കാം മരങ്ങൾ വെട്ടി നശിപ്പിക്കാതെയും കുന്നും മലയും ഇടിച്ചു നിരക്കാതെയും ജീവിക്കാം അപ്പോൾ പ്രകൃതി ദുരന്തങ്ങൾ കുറയും ഇനിയൊരു പ്രകൃതിദുരന്തം ലോകത്തെ നശിപ്പിക്കാതെ നമുക്ക് ജീവിക്കാം പ്രകൃതിയെ സംരക്ഷിക്കാം കേരളത്തിൽ മാത്രമല്ല ലോകത്തു മുഴുവനും പ്രകൃതിദുരന്തങ്ങൾ സംഭവിക്കുന്നുണ്ട് ഭൂമിയുടെ ഓരോ ഭാഗവും നശിച്ചുകൊണ്ടിരിക്കുകയാണ് അവസാനം ഭൂമി വാസയോഗ്യമല്ലാതാകും ഇതൊന്നും സംഭവിക്കാതെ ഭൂമിയെ വീണ്ടും പഴയതുപോലെ ആക്കാൻ നമുക്ക് ഒത്തുചേർന്ന് പ്രവർത്തിക്കാം നമ്മുടെ നല്ല പ്രവർത്തനങ്ങളെ കൊണ്ട് ഭൂമിയെ നമുക്ക് ഓരോരുത്തർക്കും മനോഹരമാക്കാം



സെറ റോസ് പൗലോസ്

10A

# മാറുന്ന കാലം

നോക്കിരിപ്പൂ ഞാൻ മാറുന്ന കാലത്തെ
ഓർമ്മകൾ ഓളങ്ങളായ് മാറുമീ കാലം
ഭൂമിതൻ പൈതലാം നാം തന്നെ നശിപ്പിക്കുന്നുവോ
ഈ അമ്മയെ
ഞാൻ തന്നെ കേമൻ എന്നീ ചിന്തകളാൽ
മാറ്റുന്നു നാം ഈ കാലത്തെ
ചുട്ടുപൊള്ളുന്ന ചൂടിൽ ഉരുകുന്നു ഞാൻ
ഘോരഘോരം  മഴയാൽ വേദനിക്കുന്നു ഞാൻ
എന്തിനിങ്ങനെ എന്തിനുവേണ്ടി ഇങ്ങനെ ?
അനുഭവിക്കുന്നതും ആസ്വദിക്കുന്നതും നാം തന്നെ
കാണാത്ത കാഴ്ചകൾ കാണുന്നു ഞാൻ
കേൾക്കാത്ത ശബ്ദങ്ങൾ കേൾക്കുന്നു ഞാൻ
ഭൂമിതൻ കണ്ണീരാം പ്രളയത്തെ കാണുന്നു നാം.



**ഹൃദി സി എൻ**
**8A**

# എഴുത്തുകൂട്ടം വായനാകൂട്ടം

മലയാളം ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ എഴുത്തുകൂട്ടം വായനാകൂട്ടം സ്കൂൾതല ശില്പശാല സംഘടിപ്പിച്ചു.ഹെഡ് മാസ്റ്റർ മെജോപോൾമാഷ് ആയിരുന്നു ഉദ്ഘാടകൻ ശ്രീമതി റിയടീച്ചർ സ്വാഗതം ആശംസിച്ചു.ശ്രീമതി രജനി ടീച്ചർ ആശംസകൾ നേർന്നു സംസാരിച്ചു. മുഖ്യാതിഥിയായി ഹയർ സെക്കന്ററി വിഭാഗം അധ്യാപിയും എഴുത്തുകാരിയുമായ ശ്രീമതി വി.വി ശ്രീല ടീച്ചറാണ് എത്തിച്ചേർന്നത്. കവിതകളിലൂടെയും കഥകളിലൂടെയും എഴുത്തിന്റെയും വായനയുടെയും പുതിയ ഒരു ലോകത്തേക്ക് കുട്ടികളെ കൂട്ടികൊണ്ടുവരാൻ ശില്പശാലയിലൂടെ സാധിച്ചു.



# കായികം

## സ്കൂൾകായികമേള

സ്കൂൾ തല കായികമേളയുടെ ഭാഗമായി ഒരു മെഗാ ക്വിസ് മത്സരം ഹൗസ് അടിസ്ഥാനത്തിൽ സംഘടിപ്പിച്ചു.സ്പോർട്സ് മേളക്ക് തുടക്കം കുറിച്ചുകൊണ്ട് അവിട്ടത്തൂർ പോളി ഫാമിലി സ്കൂൾ എച്ച്.എം സി.സി.ജെസ്സിന ദീപശിഖക്ക് തിരികൊളുത്തി .
ദീപശിഖാ പ്രയാണം നടത്തി.





# നീന്തൽ

2024 അധ്യായനവർഷത്തിൽ നടന്ന ഉപജില്ല,ജില്ല,സംസ്ഥാന നീന്തൽ മത്സരങ്ങളിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ മികച്ച വിജയം കൈവരിച്ചു .ഉപജില്ല നീന്തൽ മത്സരങ്ങളിൽ  തുടർച്ചയായി 58 വർഷവും ഈ സ്കൂൾ ഒന്നാം സ്ഥാനം നിലനിർത്തികൊണ്ട് മുന്നേറുന്നു.ജില്ലാതല നീന്തൽ മത്സരത്തിൽ ഇരിങ്ങാലക്കുട ഉപജില്ലയെ പ്രതിനിധീകരിച്ച് മത്സരിച്ച നമ്മുടെ വിദ്യാലയമാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കാൻ കാരണമായത്  എറണാകുളത്ത് വച്ചു നടന്ന സംസ്ഥാന നീന്തൽ മത്സരത്തിൽ നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ  പങ്കെടുത്തിരുന്നു .അതിൽ 12 വിദ്യാർത്ഥികൾക്ക് മികച്ച സ്ഥാനങ്ങളും 4 കുട്ടികൾക്ക് മെഡലുകളും ലഭിച്ചു


PARVATHY
LBSMHSS
AVITTATHUR
BSMHS
AVITTATHUR



# ഫുട്ബോൾ

## പെൺകുട്ടികളുടെഫുട്ബോൾ

അവിട്ടത്തൂർ എൽ ബി എസ് എം എച്ച് എസ് എസ് ഗേൾസ് ഫുട്ബോൾ ടീമിന്റെ പരിശീലകൻ സന്തോഷ് ട്രോഫി താരവും ഡി വൈ എ സ് പി യുമായ ശ്രീ തോമസ് കാട്ടുകാരനാണ്. ഈ വിദ്യാലയത്തിലെ മികവുകളിൽ ഒന്നാണ് പെൺകുട്ടികളുടെ ഫുട്ബോൾ .ആദ്യമായി പെൺകുട്ടികളുടെ ഫുട്ബോൾ എന്ന ആശയം കൊണ്ടുവന്നത് ഹയർസെക്കൻഡറി വിഭാഗത്തിലെ ഹസിത ടീച്ചർ ആണ് അതിനായി സന്തോഷ് ട്രോഫി താരവും റിട്ടയേർഡ് ഡിവൈഎസ്പിയുമായ സ്ത്രീ തോമസ് കാട്ടുകാരനെ സമീപിക്കുകയും ഈ ആശയം മുൻനിർത്തി പൂർണ്ണസമ്മതം അറിയിക്കുകയും ചെയ്തു.അന്ന് തൊട്ട് ഇന്നുവരെ ആറുവർഷമായി മികച്ച മുന്നേറ്റത്തോടെ




പെൺകുട്ടികളുടെ ഫുട്ബോൾ ഉന്നത തലങ്ങളിലേക്ക് കുതിക്കുകയാണ്.ഉപജില്ല ജില്ല സംസ്ഥാന ദേശീയ തലങ്ങളിൽ എൽബിഎസ്എം എച്ച് എസ് എസ് ഗേൾസ് ഫുട്ബോൾ ടീം ഉന്നതങ്ങളിലേക്ക് പറയുന്നു. U - 17ഉപജില്ല സ്കൂൾ ഫുട്ബോൾ മത്സരത്തിൽ 4-0 എന്ന സ്കോർ നിലയിൽ ഒന്നാം സ്ഥാനവും ജില്ലാതലത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. U - 14 ഉപജില്ലാ സ്കൂൾ

ഫുട്ബോൾ മത്സരത്തിൽ 10 - 0 എന്ന ഗോൾ നിരക്കിൽ ഒന്നാം സ്ഥാനം നേടുകയും തുടർന്ന് ജില്ലാതലത്തിൽ രണ്ടാം സ്ഥാനം നേടുകയും ചെയ്തു.സബ്ജൂനിയർ ഗേൾസ് വിഭാഗത്തിൽ മൂന്നുപേർക്കും ജൂനിയർ ഗേൾസ് വിഭാഗത്തിൽ നാലുപേർക്കും സംസ്ഥാന തലത്തിലേക്ക് സെലക്ഷൻ ലഭിക്കുകയും ചെയ്തു. DFA - U14, U17വിഭാഗങ്ങളിൽ നിന്ന് 13 താരങ്ങൾക്ക് സംസ്ഥാനതലത്തിൽ സെലക്ഷൻ ലഭിക്കുകയും അതിൽ നിന്ന് രണ്ടുപേർ ദേശീയ തലത്തിലേക്ക് സെലക്ഷൻ നേടുകയും ചെയ്തു.

സുബ്രതോ കപ്പ് ഉപജില്ല സ്കൂൾ ഫുട്ബോൾ മത്സരത്തിൽ ഒന്നാം സ്ഥാനം നേടി ജില്ലാതലത്തിലേക്ക് മത്സരിക്കുകയും ചെയ്തു. റിലയൻസ് ഫൗണ്ടേഷൻ യൂത്ത് സ്പോർട്സ് സൗത്ത് കേരള ചാമ്പ്യൻഷിപ്പിൽ U - 15 വിഭാഗത്തിൽ ഈ വിദ്യാലയത്തിലെ പെൺകുട്ടികൾ രണ്ടാം സ്ഥാനം നേടി.മികച്ച നേട്ടങ്ങളോടുകൂടിയും നിരന്തര പരിശീലനത്തിലൂടെയും എൽബിഎസ്എം എച്ച്എസ്എസ് ഗേൾസ് ഫുട്ബോൾ ടീം മുന്നേറിക്കൊണ്ടിരിക്കുന്നു



# ആൺകുട്ടികളുടെഫുട്ബോൾ

അവിട്ടത്തൂർ ആൺകുട്ടികളുടെഫുട്ബോൾ ടീം മികച്ച പ്രവർത്തനം കാഴ്ചവച്ച് മുന്നറിക്കൊണ്ടിരിക്കുന്നു. സുബർതോക്കപ്പ് , സ്കൂൾതല മത്സരങ്ങളിൽ പങ്കെടുക്കുന്നു.സുബർതോക്കപ്പ് മത്സരത്തിൽ ഒരു ഗോൾ വ്യത്യാസത്തിൽ ടീമിന് ജയം നഷ്ടപ്പെട്ടു.മത്സരത്തിൽ U - 17 ടീമിലേക്ക് ഒരാൾക്കും, U - 14 ടീമിലേക്ക് നാലുപേർക്കും അടുത്ത തലത്തിലേക്ക് കളിക്കാൻ അവസരം ലഭിച്ചു. കാട്ടൂർ വെച്ച് നടന്ന ടൂർണമെന്റിൽ ടീമിൽ നിന്ന് ബെസ്റ്റ് പ്ലെയറേയും ഗോൾഡൻ ഗ്ലൗവ്, ഗോൾഡൻ ബൂട്ട് ,ഗോൾഡൻ ബോൾ എന്നിവ കരസ്ഥമാക്കി.കോച്ച് ഷാരോൺ ടീമിന് എല്ലാവിധ പിന്തുണയും നൽകി ടീമിനെ വിജയിപ്പിച്ചുകൊണ്ട് വരുന്നു.




# വോളിബോൾ

U-17വോളിബോൾ ടീം ഉപജില്ല ജില്ല മത്സരങ്ങളിൽ പങ്കെടുക്കുകയും ഉപജില്ലാ മത്സരത്തിൽ അഞ്ചു റൗണ്ടുകളിൽ മൂന്നു റൗണ്ടുകളിൽ ജയിക്കുകയും 25 - 18 പോയിൻറ് നിരക്കോടുകൂടി ഒന്നാം സ്ഥാനം കരസ്ഥമാക്കി.പരിശീലകരായ കിരൺ വിഗ്നേഷ് എന്നിവർ പിന്തുണ നൽകിവരുന്നു.



# കലോത്സവം

സ്കൂൾ കലോത്സവം വളരെയധികം ഭംഗിയായി നടത്തി പിടിഎ പ്രസിഡണ്ട് പിടിഎ കമ്മിറ്റി അംഗങ്ങൾ സ്കൂൾ മാനേജർ പ്രിൻസിപ്പൽ, ഹെഡ് മാസ്റ്റർ എന്നിവർ ചേർന്ന് ദീപം കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു സബ്ജില്ലാ കലോത്സവത്തിൽ നമ്മുടെ സ്കൂളിൽ നിന്നും ,ഓഫ് സ്റ്റേജ് ഐറ്റംസിലും,സ്റ്റേജ് ഐറ്റംസിലും ആയി ധാരാളം കുട്ടികൾ പങ്കെടുത്ത് എ ഗ്രേഡ് നേടുകയുണ്ടായി




SUB DISTRICT
KALOLSAVAM
IRINJALAKUDA
LBSMHSS AVITTATHUR
ARYA BHADRA
A Grade
Congratulations
SUB DISTRICT
KALOLSAVAM
IRINJALAKUDA
LBSMHSS AVITTATHU
KRIPA VINOD
A Grade
Congratulations
IRINJALAKUDA
LBSMHSS AVITTATHUR
NANDANA BIJU
HS LALITAGAANAM
SUB DISTRICT
KALOLSAVAM
IRINJALAKUDA
LBSMHSS AVITTATHUR
NITISH KRISHNA T
A Grade
Congratulations
SUB DISTRICT
KALOLSAVAM
IRINJALAKUDA
LBSMHSS AVITTATHUR
KASINATH M S
A Grade
Congratulations


ആര്യ


IRINJALAKUDA
LBSMHSS AVITTATHUR
AARAV KRISHNA
UP MALAYALAM PADYAM CHOLLAL
UP MAPAILLAPAAT
IRINJALAKUDA
LBSMHSS AVITTATHUR
KARTHIK KRISHNA T
HS SANSKRIT PADAKAM
GANALAPANAM BOYS
IRINJALAKUDA
LBSMHSS AVITTATHUR
THEJASREE SUNILAN
UP LALITHAGANAM
UP GANALAPANAM
IRINJALAKUDA
LBSMHSS AVITTATHUR
AKHIL C S
HS WATER COLOUR
HS CHITHRARACHANA PENCIL
IRINJALAKUDA
LBSMHSS AVITTATHUR
JOYEL VINU
UP TAMIL PADYAM CHOLLAL
IRINJALAKUDA
LBSMHSS AVITTATHUR
MOURYASREE C R
UP SANSKRIT KADHALADANAM
IRINJALAKUDA
LBSMHSS AVITTATHUR
THEJASREE SUNILAN
UP SANSKRIT GANALAPANAM
IRINJALAKUDA
LBSMHSS AVITTATHUR
SERA ROSE POULOSE
HS UPANYASAM MALAYALAM

# ആഘോഷങ്ങളിലൂടെ



## സ്വാതന്ത്ര്യദിനം



## ഗാന്ധിജയന്തി
## ലാൽ ബഹാദൂർശാസ്ത്രിയുടെ ജന്മദിനം



# ഓണം



# ക്രിസ്തുമസ്



# ശിശു ദിനം



# പുതുവർഷം

# ചിത്രരചനകൾ





കാർത്തിക്ക് കൃഷ്ണ



വരുൺ കെ എസ്



അഭിനവ്



അശ്വന്ത് പി എസ്



ആഷ്ബൽ പോളി



കൃഷ്ണദേവ് പ്രവീൺ



ആവണി വി എസ്


ആരവ് കൃഷ്ണ


വിഘ്നേശ്വർ എം എസ്


പവിത്ര വി എസ്


റയാൻ ജോബിൻ


വൈഗ കെ എസ്


ഏൻലിൻ ജോഷി


കൃഷ്ണവേണി


ശിവനന്ദ ശരത്ത്

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

അരുണിമ ടി.എസ്
ആര്യ യു
ശിവ ശങ്കർ
അക്ഷര പി അനിൽ
ശ്രേയ എം എസ്
സൂര്യ ഗായത്രി എ ബി
ദേവി കെ പി
ദേവിക ഇ എൽ
നിഷാൻ എം എസ്
ഋതുനന്ദൻ എം ആർ
അശ്വിൻ കെ എസ്
ആര്യനന്ദ സുബ്രമണ്യൻ

റിയോണ റോസ് ജിനോയ്
സന വി എസ്
തന്ന കെ ടി
അനന്യ ബാബു
സഞ്ജന സി എസ്
അഭിനവ് കെ എസ്
ആദിത്യ സുന്ദരൻ
ലക്ഷ്മി എം എസ്
പിനോ പി ജെ
ഗുണദ്രവ്യം
ഋഷികേശ് ജോഷി



# നന്ദി

2024 - 25 അധ്യയന വർഷത്തിൽ ഒമ്പതാം ക്ലാസ് ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ സമർപ്പിക്കുന്ന " ഈൗക്ഷ" എന്ന മാഗസീൻ പൂർണ്ണതയിലേക്ക് എത്താൻ ഞങ്ങളെ സഹായിച്ച ഞങ്ങളുടെ പ്രിയ അധ്യാപകർക്കും, അരങ്ങിലും, അണിയറകളിലും പ്രവർത്തിച്ച ഞങ്ങളുടെ കൊച്ചു കൂട്ടുകാർക്കും, നിങ്ങളുടെ നിരുപാധികമായ പിന്തുണയും പ്രചോദനമാണ് ഞങ്ങളെ ഇവിടെ എത്തിച്ചത്. ഞങ്ങളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് ഓരോരുത്തർക്കും നന്ദി